بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 35

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ആഗസ്റ്റ് 28 • ഹി.ശം 1404 സ്വുൽഹ് 28 • ഹി:ഖ 1447 റബീഉൽ അവ്വൽ 04

## അല്ലാഹുവിന്റെ വചനം

وَمِنۡہُمۡ مَّنۡ یَّقُوۡلُ رَبَّنَاۤ اٰتِنَا فِی الدُّنۡیَا حَسَنَۃً وَّفِی الۡاٰخِرَۃِ حَسَنَۃً وَّقِنَا عَذَابَ النَّارِ ○

(سورۃ البقرۃ:202)

ഞങ്ങളുടെ നാഥാ! ഐഹിക ജീവിതത്തിൽ ഞങ്ങൾക്കു നീ നന്മ നല്കേണമേ, പലോകത്തും നീ ഞങ്ങൾക്കു നന്മ നല്കേണമേ, നരക ശിക്ഷയിൽനിന്നു നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ!' എന്നു പ്രാർഥിക്കുന്ന ചിലരും അവരിലുണ്ട്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### വയലുകളിൽ നിന്നോ ഫലവൃക്ഷങ്ങളിൽനിന്നോ പക്ഷികൾ ഭക്ഷിക്കുന്നതിന്റെ പ്രതിഫലം:

**2320:** ഹദ്റത്ത് അനസ്ؓ നിവേദനം: നബിﷺതിരുമേനി പറഞ്ഞു:ഏതെങ്കിലുമൊരു മുസ്‌ലിം ചെടിവച്ചു പിടിപ്പിക്കുകയോ വിത്തു വിതയ്ക്കുകയോ ചെയ്തു. അങ്ങനെ അതിന്റെ ഫലം ഒരു പക്ഷിയോ മൃഗമോ മനുഷ്യനോ ഭക്ഷിച്ചു. എങ്കിൽ അതവന്റെ ഒരു ദാനമായി ഗണിക്കപ്പെടാതിരിക്കുകയില്ല.

### സംരക്ഷണത്തിനും കാവലിനും വേണ്ടി നായയെ വളർത്തൽ

**2322:** ഹദ്റത്ത് അബൂഹുറയ്റؓ നിവേദനം. നബിﷺതിരുമേനി പറഞ്ഞു:വല്ലവനും കൃഷിയുടേയോ കന്നുകാലികളുടേയോ കാവലിനുവേണ്ടിയല്ലാതെ ഒരു നായയെ വളർത്തിയാൽ ഓരോ ദിവസവും അതു കാരണം അവന്റെ പുണ്യകർമങ്ങളിൽനിന്ന് ഓരോ ഖീറാത്തുവീതം കുറഞ്ഞുകൊണ്ടിരിക്കും.

**2323:** സുഫിയാൻؓ നിവേദനം. നബിﷺ തിരുമേനി പറഞ്ഞു: കൃഷിക്കോ കന്നുകാലികളുടെ ആവശ്യത്തിനോ അല്ലാതെ വല്ലവനും നായയെ വളർത്തിയാൽ അവന്റെ പുണ്യകർമങ്ങളിൽനിന്ന് ഓരോ ദിവസവും ഓരോ ഖീറാത്തുവീതം കുറഞ്ഞുകൊണ്ടിരിക്കും. *(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുൽ ഹർഥ് വൽ മുസാരിഅ പ്രസാധനം 2008 ഖാദിയാൻ)*

# എല്ലാ വസ്തുവിനും തൂണുണ്ടാകുന്നു. ജീവിതത്തിന്റേയും ആരോഗ്യത്തിന്റേയും തൂൺ അല്ലാഹുവിന്റെ ഫള്‌ലാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

### റമളാൻ നോമ്പ്:

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞു:"റമളാൻമാസം അനുഗൃഹീത മാസമാണ്. ദുആകളുടെ മാസമാണ്."

അവിടന്ന് പറഞ്ഞു: "മരണത്തോടു അടുത്താകുമ്പോൾമാത്രം നോമ്പു വിടുക എന്നതാണ് എന്റെ അവസ്ഥ. നോമ്പുപേക്ഷിക്കാൻ മനസ്സ് ആഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീത ദിനങ്ങളാണ്. അല്ലാഹുവിന്റെ ഫള്‌ലും റഹ്മത്തും ഇറങ്ങുന്ന ദിനങ്ങളാണ്."

### ലാളിത്യം:

"ഓർമവെച്ചുകൊള്ളുവിൻ, കുട്ടികളെപ്പോലുള്ള ലാളിത്യം ഉളാകാത്തിടത്തോളം മനുഷ്യന് നബിമാരുടെ മതം സ്വീകരിക്കാൻ സാധിക്കുകയില്ല."

### ജീവിതത്തിന്റെ തൂൺ:

ഹദ്റത്ത് മസീഹ് മൗഊദ്ؑന് ആരോഗ്യപരമായി കുറച്ച് ക്ഷീണമുായിരുന്നു. അവിടന്ന് പറഞ്ഞു: "എല്ലാ വസ്തുവിനും തൂണുാകുന്നു. ജീവിതത്തിന്റേയും ആരോഗ്യത്തിന്റേയും തൂൺ അല്ലാഹുവിന്റെ ഫള്‌ലാണ്."

ഒരാൾ കേൾപ്പിച്ചു:പ്രസിദ്ധരായ പുസ്തകവ്യാപാരികളോടു അങ്ങയുടെ ഗ്രന്ഥങ്ങൾ ദൂരെ ദൂരെനിന്നുവരെ ആവശ്യപ്പെടുന്നു. അവിടന്ന് പറഞ്ഞു:

"അല്ലാഹു കാറ്റുവീശിയിരിക്കുകയാണ്. ആളുകൾ അവരവരുടെ സ്ഥലത്തിരുന്ന് ഗവേഷണത്തിൽ മുഴുകിയിരിക്കുയാണ്."*(മൽഫൂദാത്ത് വാല്യം 2, പേജ് 83-84, 2018 പതിപ്പ് ഖാദിയാൻ)*

# മനുഷ്യൻ എല്ലാ തരത്തിലുളള നിരർഥമായ പ്രവൃത്തികളിൽനിന്നും രക്ഷപ്പെടുക. ഇല്ലെങ്കിൽ മനുഷ്യന്റെ ആത്മീയമായ സൃഷ്ടിപ്പ് പൂർണതയിൽ എത്തുകയില്ല.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ മുഅ്മിനൂൻ എന്ന അധ്യായത്തിലെ 13-മുതൽ 17-വരെയുളള വചനങ്ങൾക്ക് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: "ഏപ്രകാരം ഈ ഏഴ് ആത്മീയമായ സൃഷ്ടിപ്പിന്റെ പദവികളുണ്ടോ അതേ പ്രകാരം നിങ്ങളുടെ ഭൗതികമായ സൃഷ്ടിപ്പിനും വിവിധ പദവികളുണ്ട്. ഏറ്റവുമാദ്യം നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് സൃഷ്ടിക്കുന്നു; മണ്ണിൽനിന്ന് പുറപ്പെടുന്ന ആഹാരത്തിൽനിന്ന്. അതായത് സസ്യങ്ങൾ, മൃഗങ്ങൾ, ഖനിജവസ്തുക്കൾ തുടങ്ങിയവ. ഇതേ അവസ്ഥയാണ് ആത്മീയലോകത്തിന്റേയും. അതായത് ഏതുപോലെ ബീജം മണ്ണിൽനിന്നു കിട്ടുന്ന ഈ ആഹാരങ്ങളുടെ ഫലമായുണ്ടാകുന്നുവോ അതുപോലെ മനുഷ്യന്റെ ഉള്ളിൽ ഭക്തിവിനയാദി നമ്രഭാവങ്ങളുടേയും ദൈന്യതയുടേയും എളിമസ്ഥിതിയുടേയും അവസ്ഥ ഉണ്ടാകുകയും അഹങ്കാരത്തിന്റേയും ഗർവിന്റേയും ധാതു പുറത്തുപോകുകയും ചെയ്യാത്തിടത്തോളം ആത്മീയതയുടെ ബീജവും ഉണ്ടാകുകയില്ല. പിന്നീട് മനുഷ്യൻ മണ്ണിൽനിന്ന് പുറപ്പെടുന്ന ഈ ആഹാരം ഭക്ഷിക്കുമ്പോൾ അല്ലാഹു അതിനെ ബീജമാക്കി ഒരു തങ്ങുന്ന സ്ഥലത്ത് നിക്ഷേപിക്കുന്നു. ഇത് ശാരീരികമായ സൃഷ്ടിപ്പിന്റെ രണ്ടാമത്തെ പടിയാണ്. ആത്മീയ സൃഷ്ടിപ്പിൽ അതിന് അഭിമുഖമായി **വല്ലദീനഹും അനില്ലഗ്‌വി മുഅ്‌രിളൂൻ** എന്ന് വെക്കപ്പെട്ടിരിക്കുന്നു. പറയപ്പെട്ടിരിക്കുന്നു, എപ്രകാരം ബീജത്തിന്റെ സംരക്ഷണത്തിനുവേണ്ടി പല തരത്തിലുളള സംരക്ഷണം ആവശ്യമുണ്ടോ-ഇല്ലെങ്കിൽ അത് അലസിപ്പോകുമോ എന്ന ആശങ്കയുണ്ടാകുന്നു-ഇപ്രകാരം ആത്മീയതയുടെ ബീജവും മനുഷ്യൻ എല്ലാ തരത്തിലുളള നിരർഥമായ പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടണമെന്ന് ആവശ്യപ്പെടുന്നു. ഇല്ലെങ്കിൽ മനുഷ്യന്റെ ആത്മീയമായ സൃഷ്ടിപ്പ് പൂർണത പ്രാപിക്കുന്നതുവരെ എത്തുകയില്ല. പിന്നീട് മൂന്നാമത്തെ പദവി പറഞ്ഞിരിക്കുന്നത് നാം ബീജത്തെ 'അലഖ്' അതായത് 'ഒട്ടിപിടിക്കുന്ന വസ്തു' ആക്കുന്നുവെന്നാണ്;അതൊരു രക്തക്കട്ടയായിത്തീരുന്നു. ഇതിന് അഭിമുഖമായി ആത്മീയപദവികളിൽ **വല്ലദീനഹും ലിസ്സക്കാത്തി ഫായിലൂൻ** വെക്കപ്പെട്ടിരിക്കുന്നു. അതായത് എപ്രകാരം നുത്ഫ(ബീജം) അലഖ(ഒട്ടിപിടിക്കുന്ന വസ്തു)ആയിത്തീരുകയും ഗർഭപാത്രത്തിൽ ഒട്ടിപിടിക്കുകയും ചെയ്യുന്നുവോ ഇപ്രകാരം ആത്മീയമായ അഭിവൃദ്ധി കരസ്ഥമാക്കുന്ന മനുഷ്യൻ എങ്ങനെയുളള സ്ഥാനത്തെത്തുന്നുവെന്നാൽ, മനുഷ്യകുലത്തിനോടുളള സ്നേഹം അവന്റെ മനസ്സിൽ ജന്മംകൊള്ളുന്നു. അവൻ മനുഷ്യകുലത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി തന്റെ ധനം ചെലവഴിക്കാൻ തുടങ്ങുന്നു. മനുഷ്യസൃഷ്ടിപ്പിന്റെ പിന്നീടുവരുന്ന നാലാമത്തെ പദവി ഇങ്ങനെ വിവരിച്ചിരിക്കുന്നു, കട്ടപിടിച്ച

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**“ഏതെങ്കിലും അതിഥിക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഞാനെപ്പോഴും ശ്രദ്ധിക്കാറുണ്ട്. എന്നല്ല കഴിയുന്നിടത്തോളം അതിഥികൾക്ക് ആശ്വാസം പകരണമെന്ന് എപ്പോഴും താക്കീത് ചെയ്യാറുണ്ട്. അതിഥികളുടെ മനസ്സ് കണ്ണാടിപോലെ മൃദുവാണ്. ചെറുതായൊന്ന് മുട്ടിയാൽമതി പൊട്ടിപ്പോകുന്നു.” ഹദ്റത്ത് മസീഹ് മൗഊദ്ﷺ**

**ജൽസകേൾക്കുന്നതിനുവേണ്ടി വരുന്ന ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ അതിഥികൾക്ക് ഏതു ഡിപ്പാർട്ടുമെന്റിലും വിഭാഗത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണെങ്കിലും എല്ലാ രീതിയിലും സേവനം ചെയ്യുകയും അതിഥി സൽക്കാരം നല്കുകയും ചെയ്യുക എന്നത് എല്ലാ പ്രവർത്തകരുടേയും എല്ലാ ഡ്യൂട്ടികൊടുക്കുന്നവരുടേയും എല്ലാ ഓഫീസർമാരുടേയും നിർബന്ധ കടമയാണ്.**

**ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ അധ്വാനത്തോടും ക്ഷമയോടും ദുആയോടുംകൂടി പ്രവർത്തിക്കുക.**

**നിങ്ങളിവിടെ ജൽസകേൾക്കാനാണ് വന്നിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾക്കുള്ള ഏർപാടുകൾ ശരിയായിട്ടാണോ ചെയ്തിട്ടുള്ളതെന്ന കാര്യത്തിനും നിങ്ങൾക്ക് ശരിയായിട്ടുള്ള അതിഥി സൽക്കാരം ലഭിച്ചോ എന്നകാര്യത്തിനും ഏതെങ്കിലും ഉദ്യോഗസ്ഥൻ നിങ്ങളോടു എങ്ങനെ പെരുമാറി എന്ന കാര്യത്തിനും പ്രാധാന്യം നൽകാതിരിക്കുക. യഥാർഥ ഉദ്ദേശ്യം എന്നത് ആത്മീയഭക്ഷണം കരസ്ഥമാക്കുക എന്നതാണ്. നിങ്ങളതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്.**

**അത്തരം അതിഥികൾ ബർക്കത്തുംകൊണ്ടുവരുന്ന അതിഥികളാകുക. വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അതിഥികളാകരുത്. മറിച്ച് അവരെ ബുദ്ധിമുട്ടുകളിൽനിന്ന് പുറത്തുകൊണ്ടുവരുന്നവരാകണം.**

**പങ്കെടുക്കുന്നവരും ജോലി ചെയ്യുന്നവരുമെല്ലാം അഹ്മദികളാണ്. നമ്മളെല്ലാവരുടേയും ഉദ്ദേശ്യമൊന്നുതന്നെയാണ്. നമ്മൾ ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ അധ്യാപനമനുസരിച്ചും ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ചും നമ്മുടെ സ്വഭാവപരവും ആത്മീയപരവും വൈജ്ഞാനികവുമായ പരിഷ്കരണം നടത്തേണ്ടതാണ്.**

**എപ്പോഴും ഓർമിക്കുക. ജൽസയുടെ ഉദ്ദേശ്യം നിങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഈ ജൽസ തുടങ്ങിയതിന്റെ ബർക്കത്തുകൾ സ്വരുക്കൂട്ടുന്നതിനും അതുമുഖേന നിങ്ങളുടെ സഞ്ചി നിറയ്ക്കുന്നതിനും ശ്രമിക്കുക.**

**ഇക്കാര്യത്തെ പ്രത്യേകമായ നിലയിൽ ഓർമവെക്കേണ്ടതാണ്. നമ്മുടെ ഉദ്ദേശ്യം നമ്മുടെ പരിഷ്കരണമാണ്. നമ്മുടെ ദീനിപരമായ അറിവുകൾ വർധിപ്പിക്കുകയാണ്. നമ്മുടെ ആത്മീയമായ അവസ്ഥ ഉന്നതമാക്കിത്തീർക്കുകയാണ്.**

**ഈ വർഷവും വിവിധ വകുപ്പുകളുടെ എക്സിബിഷനുകൾ അഥവാ പ്രദർശനങ്ങളുമുണ്ട്. കാര്യങ്ങൾ മനസ്സിലാക്കുന്നതിനും അറിവ് വർധിപ്പിക്കുന്നതതിനുമുള്ള മാർഗമാണിത്. ഹൃദയഹാരിയുമാണ്. അവ കാണാനും ശ്രമിക്കുക.**

**2025 ബ്രിട്ടൺ ജൽസസാലാനയുടെ അവസരത്തിൽ ഉദ്യോഗസ്ഥന്മാർക്കും അതിഥികൾക്കുമുള്ള ഉപദേശങ്ങൾ**

**ഖുത്ബ ജുമുഅ 2025 ജൂലൈ 25, 1404 വഫാ 25, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:

“ഇന്നു വൈകുന്നേരം മുതൽ ഇൻശാ അല്ലാഹ് ബ്രിട്ടൻ ജൽസാസാലാനയുടെ കാര്യപരിപാടികൾ ആരംഭിക്കുകയാണ്. ഈ ജൽസ ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞതുപോലെ വലിയ പ്രാധാന്യമുൾക്കൊള്ളുന്നതാണ്. ഇതിൽ ജമാഅത്തിന്റെ വൈജ്ഞാനികവും ധാർമികപരവും ആത്മീയപരവുമായ അവസ്ഥയുടെ ഉന്നമനത്തിനായുള്ള പരിപാടികളുണ്ടാകുന്നു. ഇതിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഇതിൽനിന്ന് ഫലമെടുക്കാൻ അല്ലാഹു തൗഫീഖു പ്രദാനം ചെയ്യുമാറാകട്ടെ. ഈ നേരത്ത് ഞാൻ ജൽസയിൽ ഡ്യൂട്ടികൊടുക്കുന്നവരോടും പങ്കെടുക്കുന്നവരോടും കുറച്ചു കാര്യങ്ങൾ പറയുന്നതാണ്. ഇസ്‌ലാമിൽ അതിഥികളെ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും വളരെയധികം ഉപദേശിച്ചിട്ടുണ്ട്. നബിﷺതിരുമേനിയും അത് കർശനമായി പറഞ്ഞിരിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു:“അതിഥികൾക്ക് അനുവദനീയമായ അവകാശം കൊടുക്കുക.”*(മുസ്‌ലിം കിതാബുൽ ഈമാൻ ഹദീഥ് 4)*

ഈ അനുവദനീയമായ അവകാശം അവസ്ഥകളനുസരിച്ച് കുറച്ചുദിവസത്തെ ആതിഥേയത്വമാണ്. നബിﷺതിരുമേനിയുടെ ഈ ഉപദേശത്തിന്റെ ഫലമായി സ്വഹാബത്ത് ത്യാഗങ്ങൾചെയ്തും ആതിഥ്യമരുളിയിരുന്നു. പ്രാരംഭകാലത്ത് സ്വഹാബാക്കളുടെ അവസ്ഥ, നല്ലനിലയിൽ രണ്ടുനേരത്തെ ഭക്ഷണംപോലും അതിഥികൾക്കു നല്കാൻ പര്യാപ്തമായിരുന്നില്ല.

സ്വഹാബത്ത് തങ്ങളുടേയും തങ്ങളുടെ ഭാര്യാമക്കളുടേയും വയറു മുറുക്കികെട്ടി, തങ്ങളുടെ അവകാശം ഉപേക്ഷിച്ച് അതിഥിസൽക്കാരം നടത്തിയിരുന്നു. ഇതുസംബന്ധമായി സ്വഹാബത്തിന്റെ ആതിഥ്യത്തിന്റെ പ്രസിദ്ധമായൊരു നിവേദനമുണ്ട്: “ഒരു സ്വഹാബിയുടെ വീട്ടിൽ അതിഥി വന്നു. ആ അതിഥിയെ അദ്ദേഹത്തിനോടൊപ്പം നബിﷺതിരുമേനി അയച്ചതായിരുന്നു. അദ്ദേഹം ചോദിച്ചപ്പോൾ ഭാര്യ പറഞ്ഞു, ഇവിടെ കുട്ടികൾക്കുള്ള അൽപ്പം ഭക്ഷണം മാത്രമെയുള്ളു. എങ്കിലും, അവർ അതിഥിക്കുവേണ്ടി തന്റെ മക്കളെ അതുമിതുമൊക്കെ പറഞ്ഞു ഉറക്കി. അതിഥിയെ

വീട്ടിൽക്കൊണ്ടുവന്നു. സ്വയം വിളക്കണച്ച് അതിഥിയെക്കൊണ്ടു ഭക്ഷണം തീറ്റിച്ചു; എന്നല്ല തങ്ങൾ ഒപ്പംതിന്നുണ്ടെന്ന് തോന്നുംവിധം പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ അവർ വിശന്നുറങ്ങി. കുട്ടികളും വിശന്നുകിടന്നു. അല്ലാഹു ഇതിൽ സന്തോഷിച്ചുകൊണ്ട് ഈ പ്രവൃത്തിയെ എത്രമാത്രം ശ്ലാഘിച്ചുവെന്നാൽ നബിﷺതിരുമേനിയേയും ഇക്കാര്യം അറിയിച്ചു. അടുത്ത ദിവസം രാവിലെ ആ സ്വഹാബി, നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അപ്പോൾ അവിടന്ന്ﷺപറഞ്ഞു: 'നിങ്ങൾ രാത്രിയിൽ അതിഥിയ്ക്ക് ഭക്ഷണം കൊടുത്തു. അതിനുള്ള മാർഗം നിങ്ങൾ തിരഞ്ഞെടുത്തതുകണ്ട് അല്ലാഹു വളരെ സന്തോഷിക്കുകയും ഒരുപാട് ചിരിക്കുകയും ചെയ്തു." അപ്പോൾ ഇതാണ് ആതിഥ്യത്തിന്റെ സ്ഥാനം.*(മുസ്ലിം കിതാബുൽഅശ്റബ, ബാബു ഇക്റാമുള്ളയ്ഫി വ ഫള്ലു ഈഥാർ ഹദീഥ് നമ്പർ 2054)*

ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ അതിഥികൾ ജൽസ കേൾക്കുന്നതിനുവേണ്ടി വരികയാണ്. ഏതു ഡിപ്പാർട്ടുമെന്റിലും വിഭാഗത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണെങ്കിലും അവർക്ക് എല്ലാ രീതിയിലും സേവനം ചെയ്യുകയും അതിഥി സൽക്കാരം നല്കുകയും ചെയ്യുക എന്നത് എല്ലാ പ്രവർത്തകരുടേയും എല്ലാ ഡ്യൂട്ടികൊടുക്കുന്നവരുടേയും എല്ലാ ഓഫീസർമാരുടേയും നിർബന്ധ കടമയാണ്.

ഈ ദിവസങ്ങളിൽ പ്രത്യേകമായ നിലയിൽ അധ്വാനത്തോടും ക്ഷമയോടും ദുആയോടുംകൂടി പ്രവർത്തിക്കുക.

അതിഥിയുടെ ഭാഗത്തുനിന്ന് കഠിനമായതെന്തെങ്കിലും കാര്യം കേൾക്കുകയാണെങ്കിൽ ഉന്നതമായ സ്വഭാവം കാണിച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി വിട്ടുവീഴ്ച ചെയ്യുക. ഇവിടെ വിവിധ ശുഅ്ബജാത്ത് അഥവാ വിഭാഗങ്ങളുണ്ട്. ഞാൻ കഴിഞ്ഞ ഖുത്ബയിലും ഹ്രസ്വമായി ഇതു പറഞ്ഞിരുന്നു. അതായത് എല്ലാ വിഭാഗത്തിന്റേയും ഓഫീസർമാരും അവരുടെ സഹായികളും തങ്ങളുടെ കടമകൾ സന്തോഷത്തോടെ നിറവേറ്റുക. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ തന്നെയും ധാരാളം സംഭവങ്ങളുണ്ട്. അവിടന്ന് പ്രത്യേകമായും ഈ നിർദേശങ്ങൾ നല്കിയിരുന്നു. അതിഥികളോടും നല്ല രീതിയിൽ എങ്ങനെയാണ് പെരുമാറേണ്ടത്? അവിടത്തെؑമാർഗനിർദേശങ്ങളും സംഭവങ്ങളും അവിടത്തെക്കുറിച്ചുള്ള ചരിത്രഗ്രന്ഥങ്ങളിൽ വിവിധ രീതികളിലും വിവിധ സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്. ആസാമിൽനിന്നുവന്ന അതിഥികൾക്ക് നല്കിയ അതിഥി സൽക്കാരവും ഒരു പ്രസിദ്ധ സംഭവമാണ്. എങ്ങനെയാണ് അവിടന്ന് അവരെ സൽക്കരിച്ചത്. ഈ സംഭവം നമ്മൾ കേൾക്കുന്നുണ്ട്. അതാസ്വദിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑഎങ്ങനെയാണ് അവരെ ശ്രദ്ധിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ അതിഥികൾക്ക് ഖിദ്മത്ത് ചെയ്യുന്നതിനുവേണ്ടി തങ്ങളെ സമർപ്പിച്ചിട്ടുള്ള ഓരോരുത്തർക്കും ഇതിൽ പാഠമുണ്ട്.

സംഭവം ഇങ്ങനെയാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. ഒരിക്കൽ ആസാമിൽനിന്ന് കുറച്ച് അതിഥികൾ വന്നു. ലങ്കർഖാനയിൽ, അവർ തങ്ങളുടെ യാത്രാവാഹനത്തിൽ നിന്നിറങ്ങിയപ്പോൾ സാധനങ്ങൾ ഇറക്കിക്കൊള്ളാൻ അവരോടു പറഞ്ഞു. ലങ്കർഖാനയിലെ ജോലിക്കാരുടെ ഈ പ്രവൃത്തി ശരിയായിരുന്നില്ല. ഇക്കാരണത്താൽ അവർ അസംതൃപ്തരായി. അതേ കുതിരവണ്ടിയിൽ മടങ്ങിപ്പോയി. ഹദ്റത്ത് മസീഹ് മൗഊദ്ؑഇതറിഞ്ഞപ്പോൾ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് കണ്ട് വളരെ അസംതൃപ്തനായി;അതിഥികൾ ദേഷ്യപ്പെട്ട് പൊയ്ക്കളഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്ؑപെട്ടെന്നുതന്നെ വീട്ടിൽനിന്നിറങ്ങി. വേഗത്തിലായതുകൊണ്ടു ചെരിപ്പിട്ടതുപോലും ശരിയായ നിലയിലായിരുന്നില്ല. അവരുടെ പിന്നാലെ വേഗം വേഗം കാലു നീട്ടിവച്ചു നടക്കേണ്ടിവന്നു. വാസ്തവത്തിൽ അതിഥികൾ കുതിരവണ്ടിയിലായിരുന്നു. അവർ ഒരുപാടു ദൂരം പിന്നിട്ടു കഴിഞ്ഞിരുന്നു. പക്ഷേ, അവിടന്ന് വളരെ വേഗത്തിൽ പിന്നാലെ പോയി. നിവേദനത്തിൽ വന്നിരിക്കുന്നു, ഖാദിയാന് അടുത്തുകൂടെഒഴുകുന്ന നദിക്കരയിൽ അവരെത്തിപ്പോൾ ആ മഹാത്മാവും അവിടെയെത്തി. അവരെ തടഞ്ഞു. പിന്നീട് അവിടന്ന് അവരെ മടക്കിക്കൊണ്ടുവന്നു. അതിലും അതിഥി സൽക്കാരത്തിന്റേയും ആദരവിന്റേയും അത്ഭുതകരമായ പ്രകടനമുണ്ടായിരുന്നു. അവിടന്ന് അതിഥികളോടു പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ വാഹനത്തിൽ ഇരുന്നുകൊള്ളുക. കുതിരവണ്ടിയിലിരുന്നുകൊള്ളുക. ഞാൻ നിങ്ങളോടൊപ്പം നടന്നുവരാം.' എന്തായാലും അവിടത്തെ ഈ പെരുമാറ്റം കണ്ട് അതിഥികളും ലജ്ജിച്ചുപോയി. അവർ പറഞ്ഞു, ഞങ്ങൾക്ക് കുതിരവണ്ടിയിലിരുന്ന് യാത്ര ചെയ്യാൻ കഴിയില്ല. ഞങ്ങളും അങ്ങയോടൊപ്പം നടന്നുകൊള്ളാം. തങ്ങൾ ഇരിക്കുകയില്ലെന്ന് അവർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങൾ അങ്ങയോടൊപ്പം നടക്കുന്നതാണ്. എന്തായാലും അങ്ങനെ ഖാദിയാനിൽ തിരിച്ചുവന്നു. ലങ്കറിലെത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്ؑഅവരുടെ സാധനങ്ങളിറക്കാൻ കൈ നീട്ടി. ജോലിക്കാർക്ക് തങ്ങളുടെ തെറ്റിനെപ്പറ്റി ബോധം വന്നു കഴിഞ്ഞിരുന്നു. അവർ അങ്ങേയറ്റം ലജ്ജിതരായിരുന്നു. അവർ പെട്ടെന്ന് മുമ്പോട്ടുകടന്ന് സാധനങ്ങളിറക്കാൻ തുടങ്ങി. പിന്നീട് അവർക്കുവേണ്ടി പ്രത്യേക ഭക്ഷണമുണ്ടാക്കാൻ അവിടന്ന് ഏർപാടു ചെയ്തു. കാരണം അവർ ആസാമിൽനിന്നു വന്നവരായിരുന്നു.*(സീറത്തുൽമഹ്ദി, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ, ഭാഗം 4, പേജ് 56-57, നിവേദനം 1069)*

ഇതുപോലെ അതിഥിസൽക്കാരത്തിന്റെ മറ്റൊരുദാഹരണം ഹദ്റത്ത് മുഫ്തിമുഹമ്മദു സ്വാദിഖ് സാഹിബ്ؓവിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു,'ഒരിക്കൽ ഞാൻ ലാഹോറിൽനിന്ന് ഖാദിയാനിൽ വന്നിരുന്നു. 1897-ലേയോ 1898-ലേയോ സംഭവമായിരിക്കും. എന്നെ ഹദ്റത്ത് സാഹിബ് മസ്ജിദ് മുബാറക്കിൽ ഇരുത്തി. അതു അന്ന് വളരെ ചെറിയൊരു സ്ഥലമായിരുന്നു. പിന്നീടാണ് അതിന്റെ എക്സ്റ്റെൻഷൻ നടന്നത്. അങ്ങനെ മസ്ജിദ് അൽപം വലുതായി. അതിനെ വിശാലമാക്കി. അവിടന്ന്ؑപറഞ്ഞു, 'താങ്കൾ ഇവിടെ ഇരിക്കുക, ഞാൻ താങ്കൾക്കുവേണ്ടി ഭക്ഷണം കൊണ്ടുവരാം.' ഇതും പറഞ്ഞുകൊണ്ട് അവിടന്ന് അകത്തുപോയി. മുഫ്തി സാഹിബ്ؓപറയുന്നു:'ഞാൻ വിചാരിച്ചത് അവിടന്ന് ഏതെങ്കിലും സേവകന്റെ കൈയിൽ ഭക്ഷണം കൊടുത്തുവിടുമെന്നായിരുന്നു. എന്നാൽ, കുറച്ചു മിനിറ്റുകൾക്കുശേഷം മസ്ജിദിനും മസീഹ് മൗഊദിന്റെ വസതിക്കുമിടയിലുള്ള ഭിത്തിയിലെ ജനൽ തുറന്നപ്പോൾ -ജനൽപോലെ ചെറിയ വാതിലുണ്ടായിരുന്നു -അദ്ദേഹം പറയുന്നു: ഞാൻ കാണുന്നത് ഹദ്റത്ത് മസീഹ് മൗഊദ്ؑതന്നെ തന്റെ കൈയിൽ ഭക്ഷണത്തിന്റെ പ്ലേറ്റും പിടിച്ച് എനിക്കുവേണ്ടി ഭക്ഷണവുമായി വന്നിരിക്കുന്നതാണ്. എന്നെ കണ്ടിട്ട് പറഞ്ഞു, 'താങ്കൾ ഭക്ഷണം കഴിക്കുക. വെള്ളമെടുത്തിട്ട് ഞാൻ പെട്ടെന്നുവരാം.' അദ്ദേഹം പറയുന്നു, ആ നേരത്ത് അനിയന്ത്രിതമായുണ്ടായ കരച്ചിൽ കാരണത്താൽ എന്റെ കണ്ണിൽനിന്ന് കണ്ണീരൊഴുകി. ഹദ്റത്ത് മസീഹ് മൗഊദ്ؑനമ്മുടെ ഇമാമും നേതാവുമായിട്ടും നമുക്കുവേണ്ടി സേവനം ചെയ്യുന്നു. അപ്പോൾ നമ്മൾ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും എത്ര സേവനം ചെയ്യേണ്ടതാണ്?*(ദിക്റെ ഹബീബ്, മുഫ്തിമുഹമ്മദു സ്വാദിഖ് സാഹിബ്ؓപേജ് 327)*

ഇതൊരു മാതൃകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സച്ചരിതങ്ങളിൽ നമുക്ക് അതിഥി സൽക്കാരത്തിന്റെ ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ ലഭിക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്ؑഒരിക്കൽ പറഞ്ഞു:"ഏതെങ്കിലും അതിഥിക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഞാനെപ്പോഴും ശ്രദ്ധിക്കാറുണ്ട്. എന്നല്ല കഴിയുന്നിടത്തോളം അതിഥികൾക്ക് ആശ്വാസം പകരണമെന്ന് എപ്പോഴും താക്കീത് ചെയ്യാറുണ്ട്. അതിഥികളുടെ മനസ്സ് കണ്ണാടിപോലെ മൃദുവാണ്. ചെറുതായൊന്ന് മുട്ടിയാൽമതി പൊട്ടിപ്പോകുന്നു."*(മൽഫൂദാത്ത് വാള്യം 5, പേജ് 111, 2022 പതിപ്പ്)*

ഹദ്റത്ത് മസീഹ് മൗഊദ്ؑപറഞ്ഞു:"ചില അതിഥികൾ വളരെ വൈകാരികമായി പ്രതികരിക്കുന്നവരായിരിക്കും. പ്രത്യേകിച്ചും ഞാനിപ്പോൾ ആസാംകാരുടെ ഉദാഹരണം നൽകിയതുപോലെ. വിവിധ ജനതകൾക്ക് അവരവരുടേതായ രീതികളും അവസ്ഥകളുമുണ്ട്. ചിലർ പെട്ടെന്ന് വികാരഭരിതരായിത്തീരുന്നു. ദേഷ്യമുണ്ടാകുകയും ചെയ്യുന്നു. അവിടന്ന് പറഞ്ഞു: അയാൾ എന്തുകൊണ്ട് വികാരഭരിതനായെന്നും ദേഷ്യപ്പെട്ടുവെന്നും മനസ്സാലാക്കാതിരിക്കരുത്. അതിഥികളുടെ മനസ്സ് കണ്ണാടിപോലെയാണ്. സ്ഫടികംപോലെയാണ്. പൊട്ടിപ്പോകുന്നു. അതിനാൽ അതു കൂട്ടിമുട്ടുന്നതിനുമുമ്പേ, പൊട്ടുന്നതിനുമുമ്പേ അതിന്റെ സംരക്ഷണത്തിനുള്ള കാര്യങ്ങൾ ചെയ്യുക."

അതിനാൽ ഇതാണ് ഹദ്‌റത്ത് മസീഹ് മൗഊദ്ؑന്റെ യജമാനരേയും നേതാവിനേയും പിൻപറ്റിക്കൊണ്ട് അതിഥി സൽക്കാരത്തെ കുറിച്ച് നമുക്ക് നല്കിയ മാതൃകയും ഉപദേശവും. ഒരു സംഭവം വിവരിക്കപ്പെടുന്നുണ്ട്. “ഒരിക്കൽ ധാരാളം അതിഥികൾ വന്നിരുന്നു. അവിടന്ന് ലങ്കർഖാന ഇൻചാർജ് മിയാൻ നജ്മുദ്ദീനോടു പറഞ്ഞു:നോക്കൂ! ധാരാളം അതിഥികൾ വന്നിട്ടുണ്ട്. അവരിൽ ചിലരെ നിങ്ങൾക്കറിയുന്നതാണ്. ചിലരെ അറിയുകയില്ല.“ചിലരെ അറിയാം ചിലരെ അറിയില്ല.”അതുകൊണ്ട് ശരിയായിട്ടുള്ള മാർഗം എല്ലാവരും നിർബന്ധമായും ആദരിക്കപ്പെടേണ്ടവരാണെന്ന് കരുതി സൽക്കരിക്കുക.”*(മൽഫൂദാത്ത് വാല്യം 5, പേജ് 353, 2022 പതിപ്പ്)*

എല്ലാവരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇന്നയാൾ ദരിദ്രനാണ് ഇന്നയാൾ പണക്കാരനാണ് ഇന്നയാൾ അമേരിക്കയിൽ നിന്നുള്ളയാളാണ്, ഇന്നയാൾ പാക്കിസ്താനിൽനിന്നുള്ളയാളാണ്, ആഫ്രിക്കയിൽനിന്നുള്ളയാളാണ്, മറ്റേതെങ്കിലും രാജ്യത്ത് നിന്നുള്ളയാളാണ് അല്ലെങ്കിൽ ഇവിടത്തുകാരനാണ് എന്നൊന്നും നോക്കരുത്. എല്ലാവരും അതിഥികളാണെന്നാണ് ഇപ്പോൾ ശ്രദ്ധിക്കേണ്ടത്. ഹദ്‌റത്ത് മസീഹ് മൗഊദ്ؑവിളിച്ചതുകൊണ്ട് ജൽസ കേൾക്കാൻ വന്നിരിക്കുകയാണ്. അതുകൊണ്ട് അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, അവരെ സൽക്കരിക്കുക, ആതിഥ്യമരുളുക, അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക തുടങ്ങിയവയെല്ലാം നിർബന്ധമാണ്.

നോക്കുക, ഏതുരീതിയിലാണ് അതിഥികളെ സേവിക്കാൻ ഉപദേശിച്ചിട്ടുള്ളത്. അവിടന്ന് തന്റെ ഉദ്യോഗസ്ഥരോടു ഇങ്ങനേയും പറഞ്ഞു:എനിക്ക് നിങ്ങളിൽ സദ്വിചാരമാണുള്ളത്. നിങ്ങൾ അതിഥികളെ ശരിയായ നിലയിൽ നോക്കുന്നുണ്ടാകും. അവരെ സേവിച്ചുകൊണ്ടിരിക്കുന്നുണ്ടാകും. അതിനാൽ എല്ലാ ഉദ്യോഗസ്ഥരും എപ്പോഴും പരിശ്രമിക്കേണ്ടതാണ്, ഏതു സ്ഥലത്താണോ ഏതു വകുപ്പിലാണോ അവരുടെ ഡ്യൂട്ടിയുള്ളത് അവിടെ അതിഥികളോടുള്ള, അതിഥിസൽക്കാരത്തിന്റെ കടമ നിരവേറ്റാൻ പൂർണമായും ശ്രമിക്കുക;അവർ ഭക്ഷണം വിതരണം ചെയ്യുന്ന പന്തലിലാണെങ്കിലും മറ്റു സ്ഥലങ്ങളിലാണെങ്കിലും വേണ്ടില്ല. അവർ തികവാർന്ന നിലയിൽ ശ്രമിക്കേണ്ടതാണ്. ഞാനാദ്യം പറഞ്ഞു കഴിഞ്ഞതുപോലെ വിവിധ വകുപ്പുകളുണ്ട്. ടിക്കറ്റുണ്ടാക്കുന്നതുമുതൽ തുടങ്ങി ജൽസാഗാഹ് എത്തുന്നതുവരെ അതിഥികൾ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്ന എത്ര വകുപ്പുകളുണ്ടോ അവിടെയെല്ലാം സകല ഉദ്യോഗസ്ഥരും അവരുടെ സൽസ്വഭാവവും ഉന്നതമായ ധാർമിക ഗുണവും പ്രകടിപ്പിക്കേണ്ടതാണ്. ഭക്ഷണം പാചകം ചെയ്യുകയും ഭക്ഷണം വിതരണം ചെയ്യുകയും ചെയ്യുന്ന വകുപ്പുകളുണ്ട്. ഈ വകുപ്പുകളും അതിഥി സൽക്കാരത്തോടുള്ള കടമ നിറവേറ്റണ്ടതാണ്. കാരണം ഇതു അതിഥി സൽക്കാരത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ്. ഒന്ന് അതിഥികൾക്ക് വയറുനിറയെ ഭക്ഷണം നല്കുക. ആദരവോടെ ഭക്ഷണം നല്കുക. ലങ്കർഖാനയിൽ ജോലിയെടുക്കുന്നവർ നല്ല രീതിയിലുള്ള ഭക്ഷണമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ പരിശ്രമിക്കുന്നുമുണ്ട്. കുറവു വരാതെ ആവശ്യമനുസരിച്ച് ഭക്ഷണം ലഭ്യമാകുന്നവിധത്തിൽ ഭക്ഷണമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്.

“ശുചിത്വത്തിന്റേയും വെടിപ്പിന്റേയും വകുപ്പിൽ പൂർണമായും ശ്രദ്ധിക്കേണ്ടതുണ്ട്. ശുചിത്വവും ഈമാനിന്റെ അഥവാ വിശ്വാസത്തിന്റെ ഭാഗമാണ്. നിസ്സാരകാര്യമൊന്നുമല്ല. നബിﷺതിരുമേനി പറഞ്ഞു: “വൃത്തി ഈമാനിന്റെ ഭാഗമാണ്.”*(മുസ്‌ലിം കിതാബുത്ത്വഹാറത്തി, ബാബു ഫള്‌ലിൽ വൊളൂഇ, ഹദീഥ് 223)*

അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഇതിൽ പരിസര ശുചീകരണവും ഉൾപ്പെടുന്നുണ്ട്. നമ്മുടെ കുളിമുറി തുടങ്ങിയ മറ്റു ഏർപാടുകളുമുണ്ട്. അതിന്റെ ശുചിത്വവും ഇതിൽ വരുന്നുണ്ട്.

ജൽസഗാഹിൽ വിവിധ പരിപാടികൾക്കായി ആളുകളെ കൊണ്ടുവരുമ്പോൾ അതിന്റെ ഉദ്യോഗസ്ഥർ തന്മയത്വത്തോടും സ്നേഹത്തോടും പെരുമാറേണ്ടതാണ്. ചിലർക്ക് ശരിയായ പരിചയമുണ്ടാകുകയില്ല. അവർ പൂർണമായും ജൽസ കേൾക്കുകയില്ല. ഇവിടെ ഇരിക്കുന്നവരും അച്ചടക്കം പാലിക്കുന്നവരും സ്ത്രീകളിലും പുരുഷന്മാരിലുംപെട്ടവർ അവർക്ക് സ്നേഹത്തോടും അനുകമ്പയോടുംകൂടി കാര്യം മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുക. തർബിയ്യത്ത് വകുപ്പും ഇതിനായി പ്രവർത്തിക്കുന്നവരാണ്. അവർ ആളുകളെ ജൽസാഗാഹിലിരുത്തി ജൽസ കേൾപ്പിക്കുക. ആ നേരത്ത് ബാസാറും അടച്ചിട്ടിരിക്കും. അടച്ചിടേണ്ടതാണ്. എല്ലായിടത്തും ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഉദ്യോഗസ്ഥർ ഈ ദിനങ്ങളിൽ സൽസ്വഭാവത്തിന്റെ പ്രത്യേക മാതൃക കാണിക്കുക. ഹദ്‌റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞിട്ടുള്ള സൽഭാവനയിൽ പൂർണമായും ഇറങ്ങിച്ചെല്ലാൻ ശ്രമിക്കുക.

ഇപ്രകാരം ചില കാര്യങ്ങൾ ഞാൻ അതിഥികളോടും പറയാനാഗ്രഹിക്കുകയാണ്. അല്പം ചില അനഹ്മദി അതിഥികളും ഇവിടെ വരുന്നുണ്ട്. അവർക്കുവേണ്ടി ഒരു പ്രത്യേകവകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേകമായ നിലയിൽ ആതിഥ്യം നല്കുന്നു. കാരണം അവർ അന്യരാണ്. പക്ഷേ, ഈ കുറച്ചുപേർക്കുപുറമെ ഭൂരിഭാഗമാളുകളും അഹ്മദി സഹോദരങ്ങളാണ്.

നിങ്ങളിവിടെ ജൽസകേൾക്കാനാണ് വന്നിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾക്കുള്ള സംവിധാനങ്ങൾ ശരിയായിട്ടാണോ ചെയ്തിട്ടുള്ളതെന്ന കാര്യത്തിനും നിങ്ങൾക്ക് ശരിയായിട്ടുള്ള അതിഥി സൽക്കാരം ലഭിച്ചോ എന്നകാര്യത്തിനും ഏതെങ്കിലും ഉദ്യോഗസ്ഥൻ നിങ്ങളോടു എങ്ങനെ പെരുമാറി എന്ന കാര്യത്തിനും പ്രാധാന്യം നൽകാതിരിക്കുക. യഥാർഥ ഉദ്ദേശ്യം എന്നത് ആത്മീയഭക്ഷണം കരസ്ഥമാക്കുക എന്നതാണ്. നിങ്ങൾ അതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. അതിഥിസൽക്കാരം നടത്തുന്നവർക്ക് ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞതുപോലെ അതിഥി സൽക്കാരത്തോടുള്ള കടമ നിറവേറ്റാൻ പൂർണമായും ശ്രമിക്കേണ്ടതാണ്. അവരത് ചെയ്യുന്നുമുണ്ട്. ഇപ്രകാരംതന്നെ പങ്കെടുക്കുന്നവരുടേയും ജോലി, ഇനി ഉദ്യോഗസ്ഥരിൽ എന്തെങ്കിലും ദൗബല്യമോ വീഴ്ചകളോ, കുറവുകളോ ഉണ്ടെങ്കിൽ അത് അവഗണിച്ചു കളയുക.

അവരിലാരെങ്കിലും ശുചിത്വ വകുപ്പിൽ പ്രവർത്തിക്കുന്നെങ്കിൽ അവർ ശിക്ഷണം കിട്ടിയവരായിരിക്കുകയില്ല. അല്ലെങ്കിൽ ഡിസിപ്ലിൻ അഥവാ അച്ചടക്ക വകുപ്പിൽ പ്രവർത്തിക്കുന്നവരാണെങ്കിൽ അവർ പോലീസുദ്യോഗസ്ഥരല്ല. അല്ലെങ്കിൽ ഗേയ്റ്റിൽ ഡ്യൂട്ടികൊടുക്കുന്നവരാണെങ്കിൽ അവർ പരിചയ സമ്പന്നരല്ല. അല്ലെങ്കിൽ ട്രാഫിക് കൺട്രോൾക്കാരാണെങ്കിൽ അവരും പരിചയസമ്പന്നരായ പോലീസുകാരല്ല. ഇവരെല്ലാവരും വളണ്ടിയർമാരാണ്. അതിഥികളെ സേവിക്കാൻ അവർ തങ്ങളെ സമർപിച്ചിരിക്കുകയാണ്. അവരിൽ ചിലർ സെക്കന്ററി സ്കൂളിലെ കുട്ടികളാണ്. ചിലർ യൂണിവേഴ്സിറ്റികളിലെ യുവവിദ്യാർഥികളാണ്. കുറച്ചു മറ്റുജോലികളുമായി ബന്ധപ്പെട്ടിട്ടുള്ളവരാണ്. ഉയർന്ന ഉദ്യോഗങ്ങളിൽ ജോലി വഹിക്കുന്നവരുമുണ്ട്. നല്ല പൊസിഷനിലുള്ളവരുമുണ്ട്. അവരെല്ലാവരും തങ്ങൾ ഹദ്‌റത്ത് മസീഹ് മൗഊദ്ؑന്റെ അതിഥികൾക്ക് സേവനം ചെയ്യേണ്ടവരാണെന്ന ഒരൊറ്റ വികാരത്തോടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു.

അതിനാൽ അവരുടെ വികാരത്തെ അഭിനന്ദിച്ചുകൊണ്ട് അവരോടു പൂർണമായും സഹകരിക്കുകയും അവരുടെ ബലഹീനതകൾ അവഗണിക്കുകയും ചെയ്യുക. നിങ്ങളിങ്ങനെ ചെയ്യുമ്പോൾ ഇവിടെ വന്നതിന്റെ ലക്ഷ്യം നിങ്ങൾ പ്രാപിക്കുന്നതായിരിക്കും, ആ ഉദ്ദേശ്യം പ്രാപിക്കുന്നവരായിരിക്കും. ഇതുമുഖേന പരസ്പരമുള്ള ബന്ധങ്ങളിലും കൂടുതൽ അലങ്കാരമുണ്ടാകുകയും ചെയ്യും.

എല്ലാ അതിഥികളും ഇക്കാര്യം ഓർമവെക്കേണ്ടതാണ്. അവർ ഇവിടെ വന്നതിന്റെ ഉദ്ദേശ്യമെന്താണ്? ആ ഉദ്ദേശ്യം ഉന്നതമായ സ്വഭാവവും അല്ലാഹുവിനെ സ്മരിക്കലുംമുഖേന പൂർത്തിയാകുന്നതായിരിക്കും.

ഭക്ഷണപന്തലിൽ എല്ലാ അതിഥികളുടേയും നിർബന്ധ കടമയാണ് ഭക്ഷണം കഴിച്ചതിനുശേഷം മറ്റുള്ളവരും വന്ന് ഭക്ഷണം കഴിക്കുന്നതിനുവേണ്ടി പെട്ടെന്ന് സ്ഥലം കാലിയാക്കുക എന്നത്. ചിലപ്പോൾ സ്ഥലം കുറവും ആളുകൾ കൂടുതലുമായിരിക്കും. ഇക്കാരണത്താൽ ഊഴമനുസരിച്ച് അല്ലെങ്കിൽ ഷിഫ്റ്റായിട്ട് ഭക്ഷണം നൽകേണ്ടിവരുന്നു. അതുകൊണ്ട് ഇക്കാര്യം ശ്രദ്ധിക്കുക. ഭക്ഷണം കഴിച്ചതിനുശേഷം പെട്ടെന്നുതന്നെ പന്തലിൽനിന്ന് പുറത്തുപോകാൻ ശ്രമിക്കുക. അല്ലാതെ അവിടെ വർത്തമാനം പറഞ്ഞു നിൽക്കരുത്. സംസാരങ്ങളിൽ സമയം ചെലവഴിക്കരുത്.

വെളിയിൽ വന്നിട്ട് നിങ്ങൾക്ക് സംസാരിക്കണമെങ്കിൽ സംസാരിച്ചുകൊള്ളുക. നിങ്ങളുടെ സമയം ചെലവഴിച്ചുകൊള്ളുക. ഇപ്രകാരം ജോലിചെയ്യുന്നവർ ഭക്ഷണം പ്ലേറ്റിലിട്ടുകൊടുക്കാറുണ്ട്. നിങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ അവരോടും പറഞ്ഞിട്ടുള്ളതുപോലെ അവർ നിങ്ങൾക്ക് ഭക്ഷണം നല്കും. പക്ഷേ, ഭക്ഷണം നഷ്ടപ്പെടാൻ പാടില്ല. രിസ്ഖിനെ അഥവാ ഭക്ഷണപദാർഥത്തെ എപ്പോഴും വിലമതിക്കേണ്ടതാണ്. ചിലയാളുകൾ റൊട്ടി അൽപം കരിയുകയോ വേവാതിരിക്കുകയോ ചെയ്താൽ എടുത്തു വലിച്ചെറിയുന്നു. അത് തിന്നാൻ യോഗ്യമായതാണെങ്കിൽ തിന്നേണ്ടതാണ്. രോഗികളാരെങ്കിലുമാണെങ്കിൽ, തിന്നാൽ രോഗം വർധിക്കുമെന്നാണെങ്കിൽ മാത്രം മാറ്റിവെക്കുക. പൊതുവേ മിഷ്യനുകളിൽ ഉണ്ടാക്കിയെടുക്കുന്ന റൊട്ടി ഞാനത് പരിശോധിച്ചിട്ടുമുണ്ട് നല്ലവണ്ണം വെന്തതായിരിക്കും. പക്ഷേ, ചിലപ്പോൾ മോശം റൊട്ടിയും വരാറുണ്ട്. റൊട്ടി കൂടുതൽ കരിഞ്ഞതും വേവാത്തതുമല്ലെങ്കിൽ അത് നഷ്ടപ്പെടുത്തരുത്. ഇപ്രകാരം കറികൾ നഷ്ടപ്പെടുത്തുന്നതിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക. ഒന്നാമതായി ഇത് ഭക്ഷണസാധനത്തിന്റെ നഷ്ടപ്പെടുത്തലാണ്. അതുണ്ടാകാൻപാടില്ല. രണ്ടാമത്തേത് അതേ ഭക്ഷണം മറ്റാർക്കെങ്കിലും പ്രയോജനപ്പെട്ടേക്കാം.

മറ്റൊന്ന് ഇങ്ങനേയും ഒരു പ്രശ്നം ഉടലെടുക്കുന്നു. പ്ലേറ്റിൽ ധാരാളമായി അവശേഷിക്കുന്ന ഭക്ഷണം കുപ്പത്തൊട്ടിയിൽ വലിച്ചെറിയുന്നത് ഡിസ്പോസൽ അഥവാ കൈകാര്യം ചെയ്യൽ വളരെ പ്രയാസമാണ്. ഇക്കാരണത്താൽ ശുചിത്വവകുപ്പിന് വളരെയധികം ഭാരം ചുമക്കേണ്ടിവരുന്നു. അവർക്ക് ഒരുപാടു ജോലി ചെയ്യേണ്ടിയും വരുന്നു. അതുകൊണ്ട് അതിഥികൾ ജൽസസാലാനയുടെ ഈ ദിനങ്ങളിൽ ഭക്ഷണത്തെ ബർക്കത്തെന്ന് കരുതി തിന്നുകയും നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ മാതൃക ഇങ്ങനെയായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മഊദിനുള്ളﷺഭക്ഷണം തയ്യാറാക്കാൻ പറ്റിയില്ല. തയ്യാറാക്കേണ്ടവർ മറന്നുപോയി. അവിടന്നും തിരക്കിലായിരുന്നു. അവിടന്ന് തന്റെ ഭക്ഷണത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ എല്ലാവരും വിഷമിച്ചു. ഭക്ഷണം തീർന്നു കഴിഞ്ഞിരുന്നു. അവിടന്ന് പറഞ്ഞു, സാരമില്ല. ആളുകൾ ഭക്ഷണം കഴിച്ച വിരിപ്പിൽ ബാക്കിയായ റൊട്ടിക്കഷണങ്ങളും കറിയുമുണ്ടെങ്കിൽ അത് കൊണ്ടുവരിക. ഞാനത് തിന്നുകൊള്ളും. അങ്ങനെ അവിടന്ന് ആളുകൾ ഉപേക്ഷിച്ചുപോയ റൊട്ടിക്കഷണങ്ങൾ തിന്നു. *(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്അലയ്ഹിസ്സലാത്തുവസ്സലാം, യഅ്ഖൂബ് അലി ഇർഫാനി സാഹിബ് പേജ് 322)*. ഇതാണ് അവിടത്തെ മാതൃക. അത് അദ്ദേഹം നമുക്കുവേണ്ടി സ്ഥാപിച്ചതാണ്. അതുകൊണ്ട് എപ്പോഴും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക. രിസ്ഖ് നഷ്ടപ്പെടുന്നത് നമ്മൾ രക്ഷിക്കണം. ഇപ്രകാരം അവസാനം ജോലി സ്വരുക്കൂട്ടുന്നവരുടെ പണിയും എളുപ്പമുള്ളതാക്കണം. നബിﷺതിരുമേനി പറഞ്ഞിരിക്കുന്നു, 'ഭക്ഷണം നഷ്ടപ്പെടുത്തിക്കളയരുത്.'*(സുനൻ അത്തുർമുദി, കിതാബുൽ അത്അമ ഹദീഥ് 1803)(സുനൻ ഇബ്നുമാജ, കിതാബുൽ അത്അമ ഹദീഥ് 3353)*

ഭക്ഷണത്തെ ബഹുമാനിച്ചുകൊണ്ട് അതു ഭക്ഷിക്കുക. എന്താണോ നല്കപ്പെട്ടത് അതു സന്തോഷത്തോടെ കഴിക്കുക. അവിടന്ന് ഇപ്പറഞ്ഞത് നിസ്സംശയം പ്രത്യേകിച്ചും അതിഥികളോടാണ്. അതുകൊണ്ട് ഇതനുസരിച്ച് പ്രവർത്തിക്കുന്ന അതിഥികൾക്കുള്ളതാണിത്. അവർ തങ്ങളോടൊപ്പം ബർക്കത്തുമായി വരുന്നവരാണ്. പക്ഷേ, അത് സ്ഥാപിക്കുന്നതിനുവേണ്ടി എല്ലാ അതിഥികളും അതിന്റെ മാതൃകയാകേണ്ടതാണ്.

അത്തരം അതിഥികൾ ബർക്കത്തുംകൊണ്ടുവരുന്ന അതിഥികളാകുക. വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അതിഥികളാകരുത്. മറിച്ച് അവരെ ബുദ്ധിമുട്ടുകളിൽ നിന്ന് പുറത്തുകൊണ്ടുവരുന്നവരാകണം.

നമ്മൾ ഇവിടെ വന്നിരിക്കുന്നു. ജൽസയ്ക്കുവിധേയമായി ഒരു സംവിധാനമുണ്ട്. ഡ്യൂട്ടി നല്കുന്നവർ ഡ്യൂട്ടികൊടുക്കുന്നു. പക്ഷേ, പങ്കെടുക്കുന്നവരും ജോലി ചെയ്യുന്നവരുമെല്ലാം അഹ്മദികളാണ്. നമ്മളെല്ലാവരുടേയും ഉദ്ദേശ്യമൊന്നുതന്നെയാണ്. നമ്മൾ ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ അധ്യാപനമനുസരിച്ചും ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ചും നമ്മുടെ സ്വഭാവപരവും ആത്മീയപരവും വൈജ്ഞാനികവുമായ പരിഷ്കരണം നടത്തേണ്ടതാണ്.

അവർ ഡ്യൂട്ടിനല്കുന്നവരാണെങ്കിലും അതിഥികളാണെങ്കിലും ആരാണെങ്കിലും എല്ലാവരുടേയും ജോലി ഇതുതന്നെയാണ്. അതായത് അവർ അതിനുവേണ്ടി പരിശ്രമിക്കുക. ചില ഘട്ടങ്ങളിൽ ഭക്ഷണം കുറവാകുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. ജോലിക്കാരുടേയും ലങ്കറിന്റേയും ശ്രമം ഭക്ഷണത്തിൽ ഒരു തരത്തിലുള്ള കുറവും വരരുതെന്നായിരിക്കണം. പക്ഷേ, ചില നേരങ്ങളിൽ കണക്കുകൂട്ടൽ തെറ്റിപ്പോകുന്നു. കുറവുണ്ടാകുകയും ചെയ്യും. ഇതു സംബന്ധമായി നമുക്ക് നബിﷺതിരുമേനിയുടെ ഒരുപദേശം എപ്പോഴും ഓർമവെക്കേണ്ടതാണ്. നബിﷺതിരുമേനി പറഞ്ഞു:രണ്ടാളുടെ ഭക്ഷണം മൂന്നുപേർക്ക് മതിയായതാണ്. മൂന്നുപേരുടെ ഭക്ഷണം നാലു പേർക്ക് മതിയായതാണ്. *(മുസ്‌ലിം കിതാബുൽഅശ്റബ, ഹദീഥ് 2058)*

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു:"ഒരാളുടെ ഭക്ഷണം രണ്ടുപേർക്കും രണ്ടാളുടെ ഭക്ഷണം നാലുപേർക്കും നാലുപേരുടെ ഭക്ഷണം എട്ടുപേർക്കും മതിയായതാണ്." *(മുസ്‌ലിം കിതാബുൽഅശ്റബ, ഹദീഥ് 2059)*

ഒരു കാര്യം ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ് ഡ്യൂട്ടികൊടുക്കുന്നവർക്കും എളുപ്പമുണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഭക്ഷണത്തിലും മറ്റുസ്ഥലങ്ങളിലും ശുചിത്വം ശ്രദ്ധിക്കുക. ശുചിത്വത്തിന്റെ കാര്യത്തിലും എളുപ്പമുണ്ടാക്കണം. റോഡുകളിലും വഴികളിലും മാലിന്യങ്ങൾ വലിച്ചെറിയരുത്. അതിലും ഇക്കാര്യം ശ്രദ്ധിക്കുക. ചിലയാളുൾ ബാസാറിൽനിന്ന് ഭക്ഷണം വാങ്ങി കഴിക്കാറുണ്ട്. എവിടെയാണോ ഇരിക്കുന്നത് അവിടെ തിന്നതിനും കുടിച്ചതിനും ശേഷം ഒഴിഞ്ഞ പാക്കറ്റുകളും ഭക്ഷണവും അവിടേയും ഇവിടേയും വലിച്ചെറിയുന്നതിനു പകരം ഡസ്റ്റ് ബിന്നിലിടുക. ജോലി വൈന്റപ്പ് ചെയ്യുന്നവർക്ക് അതെളുപ്പമായിരിക്കും. കുറഞ്ഞ സമയത്ത് കൂടുതൽ ജോലികൾ ചെയ്ത് ഏർപാടുകൾ കൂടുതൽ ശരിയായ നിലയിൽ നടത്തുന്നതിനുവേണ്ടി. പിന്നീടുള്ളത് ഉത്തമമായ സ്വഭാവങ്ങളുടെ പ്രകടനം നാലു ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഞാൻ ഉദ്യോഗസ്ഥരോടും പറഞ്ഞിട്ടുണ്ട്. അതിഥികളും ഉന്നതമായ സ്വഭാവം പ്രകടിപ്പിക്കേണ്ടതാണ്. ഒരു ഹദീഥിൽ വരുന്നുണ്ട്, നബിﷺതിരുമേനി പറഞ്ഞു: ആരാണോ അല്ലാഹുവിലും പുനരുഥാനനാളിലും വിശ്വസിക്കുന്നത് അവർ നല്ല കാര്യങ്ങൾ പറയുകയോ മൗനം പാലിക്കുകയോ ചെയ്തുകൊള്ളട്ടെ.*(മുസ്‌ലിം കിതാബുൽ ഈമാൻ ഹദീഥ് 47)*. ഇനി വെറുപ്പിന്റെ അവസ്ഥ എപ്പോഴെങ്കിലും ഉണ്ടായാൽത്തന്നെ ദേഷ്യപ്പെടുന്നതിനും ദുസ്സ്വഭാവം പ്രകടിപ്പിക്കുന്നതിനും പകരം മൗനം പാലിക്കുകയും പൊറുക്കലിനെ തേടുകയും ദുആ ഇരക്കുകയും ചെയ്യുക.

ഇതുപോലെ കുട്ടികളുടെ ഭക്ഷണത്തെ കുറിച്ചും പറയട്ടെ. അതിലും ഇത് ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ ആളുകൾ കുട്ടികൾക്ക്


**• ഹദീഥുന്നബ്‌വിﷺ •**

"അല്ലാഹുവിന്റെ ഗ്രന്ഥം ഏറ്റവും നല്ലവണ്ണം അറിയുന്നയാളാണ് ജനങ്ങളുടെ ഇമാമത്ത് (നേതൃത്വം)വഹിക്കേണ്ടത്. വിശുദ്ധ ഖുർആനിനെ കുറിച്ചുള്ള ജ്ഞാനം സമമായിട്ടുള്ളവരാണെങ്കിൽ സുന്നത്തിൽ കൂടുതൽ ജ്ഞാനമുള്ളവൻ."
(മിശ്ക്കാത്ത് 4:26)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

"സ്വുബ്ഹി നമസ്കാരത്തിനുശേഷം സൂര്യൻ പ്രകാശിക്കുന്നതുവരേയും അസ്വ്ർ നമസ്കാരത്തിനുശേഷം അത് അസ്തമിക്കുന്നതുവരേയും നമസ്കാരത്തെ നബിﷺനിരോധിച്ചിരിക്കുന്നു." (ബുഖാരി.9:30)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പ്ലേറ്റു നിറച്ച് ഭക്ഷണം നല്കാറുണ്ട്. കുട്ടികൾക്കാണെങ്കിൽ അത്രയും തിന്നാനും കഴിയില്ല. ഇങ്ങനെ ഭക്ഷണം പാഴായിപ്പോകുന്നു. ഇവിടേയും ഞാൻ മുമ്പേ പറഞ്ഞതുപോലെ ഭക്ഷണം പാഴായിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾക്ക് അൽപാൽപം ഇട്ടുകൊടുക്കുക.വീണ്ടും വീണ്ടും ഇട്ടുകൊടുക്കേണ്ടിവന്നാൽപോലും!

എപ്പോഴും ഓർമിക്കുക. ജൽസയുടെ ഉദ്ദേശ്യം നിങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്ؑഈ ജൽസ തുടങ്ങിയതിന്റെ ബർക്കത്തുകൾ സ്വരുക്കൂട്ടുന്നതിനും അതുമുഖേന നിങ്ങളുടെ സഞ്ചി നിറയ്ക്കുന്നതിനും ശ്രമിക്കുക.

അവിടന്ന് ഒരു അവസരത്തിൽ ഇങ്ങനേയും പറഞ്ഞു:“ജൽസയിൽ ഇരുന്നുകൊണ്ട് സ്വസ്ഥമായി ജൽസ കേൾക്കുക. പ്രസംഗങ്ങൾ തുടങ്ങിയവയും നന്മയും തിന്മയും മാത്രം നോക്കാതിരിക്കുക. പ്രത്യുത ഏതൊരു കാര്യമാണോ വിവരിക്കപ്പെടുന്നത് അത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കൽപ്പനയനുസരിച്ചാണ്. ഇതനുസരിച്ച് പ്രവർത്തിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാതെ ഇതാരാണ് പറയുന്നതെന്നും എങ്ങനെയാണ് വിവരിക്കുന്നതെന്നും നോക്കേണ്ട. ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: സാഹിബുമാരെല്ലാവരും ശ്രദ്ധയോടെ കേൾക്കുക. ഞാനെന്റെ ജമാഅത്തിനും എനിക്കുവേണ്ടിത്തന്നെയും എന്റെ ആത്മാവിനുവേണ്ടിയും ഇതുതന്നെയാണ് ആഗ്രഹിക്കുന്നത്. ഇഷ്ടപ്പെടുന്നത്. അതായത് ബാഹ്യമായ പ്രസംഗങ്ങളിൽ സാധാരണ ഉണ്ടാകാറുള്ള ‘ഖീലയും ഖാലയും’ മാത്രം ഇഷ്ടപ്പെടാതിരിക്കുക. എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും അതിൽവന്നുമാത്രം നിലച്ചുപോകാതിരിക്കട്ടെ. പ്രസംഗിക്കുന്നയാൾ എത്രമാത്രം മാസ്മരികതനിറഞ്ഞ പ്രസംഗമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും നോക്കാതിരിക്കുക. വാക്കുകളിൽ എത്രമാത്രം ശക്തിയുണ്ടെന്നും നോക്കേണ്ട. ബാഹ്യപ്രകടനത്തേയോ വെറും പ്രകടനത്തിനുവേണ്ടി ബുദ്ധിമുട്ടിയുളള പ്രവൃത്തിയേയോ ഞാനിഷ്ടപ്പെടുന്നില്ല. പ്രത്യുത എന്റെ മനസ്സിന്റേയും പ്രകൃതിയുടേയും തേട്ടമെന്നു പറയുന്നത് ഏതു ജോലി ചെയ്താലും അത് അല്ലാഹുവിനുവേണ്ടി ചെയ്യുക എന്നതാണ്. ഏതു കാര്യമാണെങ്കിലും അല്ലാഹുവിനുവേണ്ടി ചെയ്യുക.”*(മൽഫൂദാത്ത് വാള്യം 1, പേജ് 360, പതിപ്പ് 2022)*

അവിടന്ന്ؑ പറഞ്ഞു:“മുസ്ലിമീങ്ങളിലെ അധഃപതനത്തിന്റെ കാരണം അവർ വലിയ വലിയ സമ്മേളനങ്ങളിലും മീറ്റിംഗുകളിലും മാത്രം ഒതുങ്ങുന്നുവെന്നതാണ്. മജ്ലിസുകളുണ്ടാകുന്നു. വലിയ വലിയ പ്രസംഗകർ തങ്ങളുടെ പ്രസംഗം വായിക്കുന്നു. കവികൾ തങ്ങളുടെ ജനതയെ കുറിച്ച് കവിതകൾ ചൊല്ലുന്നു. ഇക്കാര്യങ്ങൾകേട്ട് അവർ മുദ്രാവാക്യങ്ങൾ മുഴക്കുന്നു. പക്ഷേ, പിന്നീടതിനു ഒരു സ്വാധീനവുമുണ്ടാകുന്നില്ല. ജനതയാണെങ്കിൽ പിന്നീട് ഈ മുദ്രാവാക്യങ്ങളൊന്നുകൊണ്ടു മാത്രം അധഃപതനത്തിന്നിരയായിത്തീരുന്നു.”*(മൽഫൂദാത്ത് വാള്യം 1, പേജ് 362, പതിപ്പ് 2022)*

ഇതാണ് ആ അധ്യാപനം. ഇസ്ലാമിന്റെ മാനദണ്ഡമിതാണ്. ഇതിനെ എല്ലാ ആളുകളും എല്ലാ അഹ്മദികളും തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. നമ്മൾ കേവലം മുദ്രാവാക്യം വിളിക്കുന്നതിനും അല്ലെങ്കിൽ ഇഷ്ടപ്പെട്ട കാര്യങ്ങൾ കേൾക്കുന്നതിനുമല്ല. പ്രത്യുത അല്ലാഹുവിനും റസൂലിനും വേണ്ടി അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന് കാര്യങ്ങൾ കേൾക്കണം. ഈ ഉദ്ദേശ്യത്തിനുവേണ്ടി എല്ലാ അഹ്മദികളും ഇവിടെ വരേണ്ടതാണ്. നിങ്ങളും വന്നിരിക്കുന്നു. ഇതേ ഉദ്ദേശ്യത്തിനുവേണ്ടിയാണ് നിങ്ങൾ വന്നിരിക്കുന്നതെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑപറഞ്ഞതുപോലെ ഏതൊരു പ്രവൃത്തി ചെയ്യുകയാണെങ്കിലും അല്ലാഹുവിനുവേണ്ടി ചെയ്യുക. ഏതു കാര്യമാണെങ്കിലും അല്ലാഹുവിനുവേണ്ടി ആയിരിക്കുക. എല്ലാവരും ഈ തത്ത്വം മുന്നിൽ വെക്കേണ്ടതാണ്. ഇക്കാര്യവും ഓർമിക്കുക, നമ്മുടെ ദിവസം നമ്മൾ ദൈവസ്മരണയിൽ കഴിക്കേണ്ടതാണ്.

ജൽസ കേൾക്കുമ്പോഴും നമ്മുടെ നാവുകളെ ദൈവസ്മരണയാൽ ആർദ്രമാക്കി വെക്കുക; പിന്നീട് നടക്കുമ്പോഴും കറങ്ങുമ്പോഴും ആളുകളുമായി കണ്ടുമുട്ടുമ്പോഴും ദൈവസ്മരണയിൽ മുഴുകുക. സംസാരിക്കുമ്പോൾ ദീനീപരമായ കാര്യങ്ങൾ പറയുക. ദൈവസ്മരണയെ കുറിച്ചുളള കാര്യങ്ങൾ പറയുക. ഖുർആനിന്റേയും ഹദീഥിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റേയും ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്ന കാര്യങ്ങൾ പറയുക. ദൈവസ്മരണയിലേക്കും ദീനിനുവേണ്ടി ദുആ ചെയ്യുന്നതിലേക്കും ശ്രദ്ധിക്കുക.

ദൈവസ്മരണ തന്നെയാണ് മനുഷ്യന്റെ ചിന്താഗതികളേയും പരിശുദ്ധമാക്കുന്നത്. അവനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശിയാക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഒരിടത്ത് വളരെ മനോഹരമായ നിലയിൽ പറഞ്ഞു:‘അല്ലാഹു ഇതാണ് പറഞ്ഞിട്ടുള്ളത്. ദൈവസ്മരണ ചെയ്യുക. പ്രത്യേകിച്ചും മജ്ലിസുകൾ നടക്കുമ്പോൾ. അതിൽ ദൈവസ്മരണ ചെയ്യുക. അതിന്റെ ഫലം അല്ലാഹു എന്താണ് പറഞ്ഞത്, അതിന്റെ ഫലം അല്ലാഹു പറഞ്ഞു:ഉദ്കുറുല്ലാഹ യദ്കുറുക്കും നിങ്ങൾ ദിക്റെ ഇലാഹി ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങളെ ഓർക്കാൻ തുടങ്ങുന്നതാണ്. ഏതൊരു ദാസനെയാണോ അല്ലാഹു ഓർക്കുന്നത് അവനെക്കാൾ കൂടുതൽ ഭാഗ്യവാൻ മറ്റാരാകാനാണ്? അവന്റെ യജമാനനെ ഓർക്കുകയും വിളിക്കുകയും ചെയ്യുന്നു! ദിക്റെ ഇലാഹി വളരെ വലിയ നിഅ്മത്താണ്. അവിടന്ന്ؓഉപദേശിച്ചുകൊണ്ടു പറയുന്നു:നിങ്ങൾക്കെന്തെങ്കിലും ഇനാം കിട്ടിയാലും വേണ്ടില്ല കിട്ടിയില്ലെങ്കിലും വേണ്ടില്ല നിങ്ങൾ ദിക്റെ ഇലാഹിയിൽ മുഴുകിക്കൊണ്ടിരിക്കുക. അതുമുഖേന അല്ലാഹു സന്തോഷിക്കുന്നതായിരിക്കും. നിങ്ങളെ ഓർക്കുകയും ചെയ്യുന്നതായിരിക്കും.*(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 4, പേജ് 258, ഖുത്ബജുമുഅ 25-12- 1914)*

അല്ലാഹു ഓർക്കുമ്പോൾ അവൻ സമ്മാനം നല്കാതെ വിട്ടുകളയുകയില്ല. അവൻ സമ്മാനംകൊണ്ടും അനുഗ്രഹിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ ഫള്‌ലിനെ വലിച്ചെടുക്കുന്നതിന് ഈ പ്രത്യേക ദിനങ്ങളിൽ ഇക്കാര്യങ്ങൾ പ്രത്യേകമായും ഓർമവെക്കുക. ഇതിലേക്ക് ശ്രദ്ധിക്കുക. പങ്കെടുക്കുന്നവരും സകല ജോലിയും ചെയ്യുന്നവരും എല്ലാവരും ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുക. അതായത് നമ്മൾ നമ്മുടെ നാവുകൾ ദൈവസ്മരണയാൽ ആർദ്രമാക്കി വെക്കണം. ഇതുണ്ടാകുമ്പോൾ എന്തിനുവേണ്ടിയാണോ ഈ ജൽസ സംഘടിപ്പിക്കുന്നത്, നമ്മെ സ്വാധീനിക്കുന്ന ആ ചുറ്റുപാട് തീർച്ചയായും ഉണ്ടാകുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്ؑഒരിടത്ത് പറയുന്നു: “എല്ലാവരും ശ്രദ്ധിച്ച് കേൾക്കുക! പൂർണമായ ശ്രദ്ധയോടും ചിന്തയോടുംകൂടി കേൾക്കുക! കാരണം ഇത് ഈമാനിന്റെ പ്രശ്നമാണ്. ഇതിൽ അശ്രദ്ധ, മടി, ശ്രദ്ധയില്ലായ്മ തുടങ്ങിയവ ദുഷ്ഫലങ്ങളുണ്ടാക്കുന്നു. ഈമാനിൽ അശ്രദ്ധയോടെ പ്രവർത്തിക്കുന്നവരെ സംബോധന ചെയ്തെന്തെങ്കിലും പറഞ്ഞാലും അവർ ശ്രദ്ധിച്ചു കേൾക്കുകയില്ല. പ്രസംഗിക്കുന്നവരുടെ വിവരണംകൊണ്ട് അവർക്ക്, അതെത്ര ഉന്നതവും ഫലപ്രദവുമാണെങ്കിൽത്തന്നെയും ഒരു പ്രയോജനവും ഉണ്ടാകുകയുമില്ല. അത്തരക്കാരെ കുറിച്ചാണ് പറയപ്പെടുന്നത് അവർക്ക് ചെവിയുണ്ട് പക്ഷേ, കേൾക്കുന്നില്ല. ബുദ്ധിയുണ്ട് പക്ഷേ, മനസ്സിലാ

## • ഹദീഥുന്നബ്‌വിﷺ •

**“നിങ്ങൾ നിങ്ങളുടെ നമസ്കാരത്തിന് കരുതിക്കൂട്ടി സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും കാത്തിരിക്കരുത്.’**

**’(ബുഖാരി: 9:30)**

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

## • ഹദീഥുന്നബ്‌വിﷺ •

**“ആരൊരുവൻ ഒരു നമസ്കാരം മറന്നുപോകുന്നുവോ, അവന് അത് ഓർമവരുമ്പോൾ നമസ്കരിക്കട്ടെ. അതിനു പരിഹാരം ഇതല്ലാതെ മറ്റൊന്നില്ല. എന്റെ (ദൈവത്തിന്റെ) ദൈവസ്മരണക്കായി നമസ്കാരം നിലനിറുത്തുക.”**

**(ബുഖാരി. 9:37)**

ത്വാലിബെ ദുആ

**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

ക്കുന്നില്ല. അതുകൊണ്ട് ഓർക്കുക എന്തൊന്നാണോ വിവരിക്കപ്പെടുന്നത് ശ്രദ്ധയോടുകൂടി കേൾക്കുക. കാരണം ശ്രദ്ധയോടെ കേൾക്കാത്തവർ ഫലംപ്രദാനം ചെയ്യുന്ന ആളുടെ സദസ്സിൽ കാലങ്ങളോളം ഇരുന്നാലും ഒരു പ്രയോജനവുമുണ്ടാകുകയില്ല.” *(മൽഫൂദാത്ത് വാള്യം 2, പേജ് 479, 2022 പതിപ്പ്)*

ഈ മൂന്നുദിനങ്ങളിൽ ഫലമുണ്ടാകുന്നത് നമ്മൾ ഇക്കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുമ്പോഴാണ്. പിന്നീട് ഇതനുസരിച്ച് കർമങ്ങൾ ചെയ്യുമെന്ന് പ്രതിജ്ഞചെയ്യുമ്പോഴാണ്. ഇതിനുവേണ്ടി നിങ്ങളുടെ മനസ്സുകളെ പരിശുദ്ധമാക്കിവെക്കുന്നതിന് ദൈവസ്മരണകൊണ്ട് നിങ്ങളുടെ നാവുകളെ ആർദ്രമാക്കിവെക്കുകയും വേണം. ജൽസയിൽ ഇരിക്കുമ്പോഴും ദിക്റെ ഇലാഹി ചെയ്തുകൊണ്ടിരിക്കുക. ദുആകൾ ചെയ്തുകൊണ്ടിരിക്കുക. സ്വലാത്തു ചൊല്ലിക്കൊണ്ടിരിക്കുക. പിന്നീട് നിങ്ങൾ പ്രസംഗങ്ങൾ കേൾക്കുമ്പോൾ അതിന്റെ പ്രത്യേക സ്വാധീനവും നിങ്ങളിലുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامഇതു സംബന്ധമായി വലിയ ആശങ്കയാണ് പ്രകടിപ്പിച്ചിരിക്കുന്നത്. നിങ്ങൾ ജൽസ പരിപാടികൾ ശ്രദ്ധയോടെ കേൾക്കുന്നില്ലെങ്കിൽ നിങ്ങളിവിടെ ജൽസയിൽ പങ്കെടുത്തതിന് ഒരു ഫലവുമില്ല.

ഇക്കാര്യത്തെ പ്രത്യേകമായ നിലയിൽ ഓർക്കേണ്ടതാണ്. നമ്മുടെ ഉദ്ദേശ്യം നമ്മുടെ പരിഷ്കരണമാണ്. നമ്മുടെ ദീനിപരമായ അറിവുകൾ വർധിപ്പിക്കുകയാണ്. നമ്മുടെ ആത്മീയമായ അവസ്ഥ ഉന്നതമാക്കിത്തീർക്കുകയാണ്. നമ്മുടെ സ്നേഹിതന്മാർക്കും സഹോദരങ്ങൾക്കുംവേണ്ടി ത്യാഗവികാരമുണ്ടാക്കുകയാണ്. മനസ്സിലെ വിരോധം അകറ്റുകയാണ്. ഇതും വളരെ വലിയ ഉദ്ദേശ്യമാണ്. ഇപ്പോഴുണ്ടായിരിക്കുന്ന ഈ ചുറ്റുപാട് ഇതിൽ ഇത്രമാത്രം ആയിരക്കണക്കിനാളുകൾ സംഘടിച്ചിരിക്കുന്നു. ഇതും എങ്ങനെയുള്ള ചുറ്റുപാടാണെന്നാൽ ഇതിൽ പരസ്പരം സാഹോദര്യത്തോടും സ്നേഹത്തോടും പെരുമാറുകയാണെങ്കിൽ ആ അവസ്ഥകളും ചുറ്റുപാടുമുണ്ടായിരിക്കുന്നതായിരിക്കും. ഇതിൽ സ്നേഹം, ഇഷ്ടം, സാഹോദര്യം, ഉണ്ടാകും. അത് ഇസ്‌ലാമികാധ്യാപനങ്ങളുടെ പ്രത്യേകതയാണ്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മനുഷ്യന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവനാകാനും കഴിയും. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامതന്റെ നിരവധി പ്രസംഗങ്ങളിലും ഇക്കാര്യത്തിലേക്ക് ശ്രദ്ധക്ഷണിച്ചിട്ടുണ്ട്. അതായത് ജൽസയിൽ വരുന്നതിന്റെ ഒരു ഉദ്ദേശ്യം ഉന്നതമായ സ്വഭാവം കരസ്ഥമാക്കലാണ്. ഇതും പറഞ്ഞു: ‘ഈ ഉന്നതമായ സ്വഭാവത്തിന്റെ പ്രകടനം എല്ലാഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.’

ചിലപ്പോൾ ചെറിയ ചെറിയ കാര്യങ്ങളിൽ വൈരാഗ്യവും വഴക്കുകളുമുണ്ടാകുന്നു. എത്രത്തോളമെന്നാൽ, ചിലഘട്ടങ്ങളിൽ ഉദ്യോഗസ്ഥന്മാർ തമ്മിലും അടിപിടി ഉണ്ടാകാറുണ്ട്. അങ്ങനെ ഒരിക്കലും ഉണ്ടാകാതിരിക്കേണ്ടതാണ്.

എപ്പോഴും സൽസ്വഭാവത്തിന്റെ പ്രകടനമുണ്ടാകേണ്ടതാണ്. അതുകൊണ്ട് ഇതിലേക്ക് ഉദ്യോഗസ്ഥന്മാരും അതിഥികളും ഇരുകൂട്ടരും ശ്രദ്ധിക്കുക. നമ്മുടെ സൽസ്വഭാവം എപ്പോഴും ഉന്നതമായിരിക്കണം. എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് സദാ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഇതേപ്രകാരം ജൽസയെ സംബന്ധിച്ച് മറ്റുചില കാര്യങ്ങളും പറയാനാഗ്രഹിക്കുകയാണ്. ഒന്നാമത്തെ കാര്യമിതാണ്. ജൽസ ദിനങ്ങളിൽ നിങ്ങളെവിടെ താമസിക്കുകയാണെങ്കിലും മസ്ജിദുകളിൽ പോകുമ്പോൾ പ്രത്യേകിച്ചും ലണ്ടനിൽ ബയ്ത്തുൽ ഫുതൂഹിൽ പോകുമ്പോൾ അല്ലെങ്കിൽ മസ്ജിദ് ഫള്‌ലിൽ, ഇസ്‌ലാമാ ബാദുണ്ട് അല്ലെങ്കിൽ ഇവിടെയുണ്ട് നിങ്ങളുടെ അയൽവാസികളേയും ശ്രദ്ധിക്കുക. നിങ്ങളുടെ ഉന്നതമായ സ്വഭാവത്തിന്റെ പ്രകടനം കാഴ്ചവെച്ചുകൊണ്ടിരിക്കുക.

റോഡുനിയമങ്ങൾ പാലിക്കുക. തിരക്കുകാരണത്താൽ ചിലപ്പോൾ ട്രാഫിക് അധികമാകാറുണ്ട്. അതുകൊണ്ട് ആളുകളുടെ വീടുകൾക്കുമുമ്പിൽ ഒരു തരത്തിലുള്ള മാലിന്യവും ഇടരുത്. കുട്ടികളുള്ള മാതാക്കൾക്കുവേണ്ടി വേറെതന്നെ പന്തലിട്ടുണ്ട്. സ്ത്രീകൾ പിടിവാശിയൊന്നും കൂടാതെ അതേ പന്തലിൽ ഇരിക്കേണ്ടതാണ്. അവിടെ ബഹളമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ കുട്ടികൾ ബഹളമുണ്ടാക്കുന്നത് കുറവായിരിക്കും. പക്ഷേ, സ്ത്രീകൾ മനസ്സിലാക്കുന്നത് തങ്ങളിപ്പോൾ ഈ പന്തലിൽ വന്നിരിക്കുന്നതുകൊണ്ട് ഇക്കാര്യങ്ങൾ തങ്ങൾക്ക് ബാധകമല്ലെന്ന് കരുതുന്നു. ഇത്തരം കാര്യങ്ങളിൽനിന്ന് പിന്മാറേണ്ടതാണ്. പ്രസംഗങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഏതുപ്രോഗ്രാമും ശ്രദ്ധയോടെ കേൾക്കണം. അവർ സ്വയം തങ്ങളുടെ മാതൃക കാണിക്കുമ്പോൾ കുട്ടികളും നിശബ്ദമായി കേൾക്കുന്നതായിരിക്കും. ചില മാതാക്കളുണ്ട് മാശാഅല്ലാഹ് അവർ കുട്ടികൾക്ക് എങ്ങനെ തർബിയ്യത്ത് കൊടുക്കുന്നുവെന്നാൽ അവരുടെ ശ്രദ്ധമാറ്റുന്നതിനുവേണ്ടി അവരുടെ കൈയിൽ എന്തെങ്കിലും വസ്തു നല്കുന്നു. കുട്ടികൾ അതിന്റെ ശ്രദ്ധയിൽ മുഴുകിയിരിക്കുന്നു. മാതാക്കൾ സുഖമായി പ്രസംഗങ്ങൾ കേൾക്കുകയും ചെയ്യുന്നു. പക്ഷേ, പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുന്ന ചിലരുമുണ്ട്. അവരെക്കുറിച്ച് സംഘാടർ പരാതിപ്പെടുന്നു. ഈ പരാതി ഒരിക്കലുമുണ്ടാക്കരുത്. അവരെ അതിൽനിന്ന് തടയുമ്പോൾ പ്രതികരണമായി വെറുപ്പ് പ്രകടിപ്പിക്കുന്നു. വാസ്തവത്തിൽ കുറ്റം രണ്ടുഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥൻ കഠിനമായി സംസാരിച്ചാൽ അതിഥികളും കഠിനമായി മറുപടി നല്കി പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു. ഇവിടെ സ്നേഹത്തിന്റേയും മമതയുടേയും അന്തരീക്ഷമാണുണ്ടാകേണ്ടത്.

ഇപ്രകാരം പാർക്കിങ്ങിന്റേയും ഗേയ്റ്റുൾപ്പെടെയുള്ള സംവിധാനത്തിന്റേയും കാര്യത്തിൽ ഉദ്യോഗസ്ഥന്മാരെ സഹായിക്കേണ്ടതാണ്; എല്ലാ സംവിധാനങ്ങളും വളരെ സുഖമായും സുഗമമായരീതിയിലും നടക്കുന്നതിനുവേണ്ടി. അതിഥികൾ തങ്ങളുടെ ചുറ്റുപാടിലും ദൃഷ്ടിവെക്കേണ്ടതുമാണ്. സംശയകരമായ എന്തെങ്കിലും വസ്തു കണ്ടാൽ ഉടനെ അറിയിക്കേണ്ടതാണ്. പരിസ്പരം നോക്കുന്നതുകൊണ്ട് ഉപദ്രവിക്കാൻ വന്നവരാരെങ്കിലമുണ്ടെങ്കിൽ അതിൽനിന്ന് അവർ പിന്മാറുന്നതായിരിക്കും. അല്ലെങ്കിൽ കരുതലോടെ ഇരിക്കുന്നവനായിരിക്കും. ഉപദ്രവമുണ്ടാക്കാനുള്ള ധൈര്യം അവർക്കുണ്ടാകുകയില്ല.

അതുകൊണ്ടു വരുന്നവരെല്ലാം ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പരിസരം സുരക്ഷിതമാക്കി വെക്കുന്നതിനും തങ്ങളുടെ സംരക്ഷണത്തിനുംവേണ്ടി അവരും തങ്ങളുടെ ചുറ്റുപാടും നിരീക്ഷിച്ചുകൊണ്ടിരിക്കുക. ഇപ്രകാരം അച്ചടക്കം നിലനിറുത്തുന്നതിനുള്ള സംഘാടകരുണ്ട്. അവരേയും പൂർണമായും സഹായിക്കേണ്ടതാണ്. നിങ്ങളുടെ കാർഡുകൾ എപ്പോഴും നിങ്ങളുടെ കൈയിലുണ്ടായിരിക്കണം. ചെക് ചെയ്യിക്കണം. താമസസ്ഥലത്ത് കഴിയുന്നവർ അവരുടെ വിലപിടിച്ച വസ്തുക്കൾ അവിടെവെച്ചിട്ട് എങ്ങോട്ടും പോകരുത്. ഇവിടെ നോക്കാനുള്ള സംവിധാനമുണ്ടെന്നതിൽ സംശയമൊന്നുമില്ല. എന്നാലും ഒരു തരത്തിലുള്ള നഷ്ടവുമുണ്ടാകാതിരിക്കാൻ നിങ്ങളുടെ വിലപിടിച്ച വസ്തുക്കൾ പണം തുടങ്ങിയവ കൈയിൽ കരുതുന്നതാണ് നല്ലത്.

നിങ്ങൾക്കെല്ലാവർക്കും ഈ ജൽസയിൽനിന്ന് പൂർണമായും ഫലമെടുക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. അതിന്റെ അനുഗ്ര

## • ഹദീഥുന്നബ്‌വിﷺ •

“ഹദ്റത്ത് ആഇശرضي الله عنها തന്റെ മുറിയുടെ ഒരു ഭാഗം ചെമന്ന കമ്പിളികൊണ്ട് മറച്ചിരുന്നു. നബിﷺതിരുമേനി പറഞ്ഞു: നിന്റെ വിരി നമ്മിൽനിന്ന് മാറ്റുക. കാരണം നമസ്കാരത്തിൽ അതിലെ ചിത്രങ്ങൾ നമ്മുടെ മുമ്പിൽ വരുന്നു.”

(ബുഖാരി. 8:15)

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്‌വിﷺ •

“നമസ്കരിക്കുന്ന ഒരാളെ മറികടക്കുന്നയാൾ, അയാളിലുള്ള ചുമട് എന്താണെന്ന് അറിഞ്ഞിരുന്നെങ്കിൽ അയാളെ മറികടക്കുന്നതിനെക്കാൾ നാൽപതു (ദിവസം) അയാൾ കാത്തിരിക്കുമായിരുന്നു.” (ബുഖാരി. 8:101)

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA’ATH KARULAI, MALAPPURAM,KERALA.

ഹങ്ങളിൽനിന്ന് ഫലമെടുക്കുന്ന വരാകട്ടെ. ഇവിടെനിന്ന് തിരിച്ചു പോകുമ്പോൾ നിങ്ങളുടെ സഞ്ചികൾ നിറച്ചുകൊണ്ടു പോകുക. അതു അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നതാവട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിക്കൊണ്ട് നിങ്ങൾ മടങ്ങുക. അല്ലാഹു എപ്പോഴും ജീവിതത്തിൽ നിങ്ങളിലും നിങ്ങളുടെ തലമുറകളിലും അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. എപ്പോഴും അഹ്മദിയ്യത്തിന്റെ ഒരു ഉപകാരിയായ അസ്തിത്വമായിക്കൊണ്ട് ലോകത്ത് നിങ്ങൾ വസിക്കുന്നവരാകട്ടെ. നിങ്ങളുടെ തലമുറകളും ഇതുപോലെ ഒരു പരിശുദ്ധവും ഉപകാരിയുമായ അസ്തിത്വമായിക്കൊണ്ട് ലോകത്ത് വസിക്കുന്നവരാകട്ടെ. ഖിയാമത്തുന്നാൾവരെ ഈ പരമ്പര തുടരുമാറാകട്ടെ.

അവസാനം ഞാനിതുംകൂടി പറയട്ടെ, കഴിഞ്ഞ വർഷങ്ങളെപ്പോലെ ഈ വർഷവും വിവിധ വകുപ്പുകളുടെ എക്സിബിഷനുകൾ അഥവാ പ്രദർശനങ്ങളുമുണ്ട്. കാര്യങ്ങൾ മനസ്സിലാക്കുന്നതിനും അറിവ് വർധിപ്പിക്കുന്നതതിനുമുള്ള മാർഗമാണിത്. ഹൃദയഹാരിയുമാണ്. അവ കാണാനും ശ്രമിക്കുക.

ഒരിടത്ത് സകല പ്രദർശനങ്ങളും സമ്മേളിപ്പിച്ചിരിക്കുകയാണ്. ഇതുപോലെ ബുക്സ്റ്റാളുകളിൽ പുതിയ ഗ്രന്ഥങ്ങളും വന്നിട്ടുണ്ട്. അവിടെയും നിർബന്ധമായും പോകുക. ഇടവേളയിൽ വെറും ബാസാറുകളിൽമാത്രം ചുറ്റി നടക്കാതിരിക്കുക. അല്ലെങ്കിൽ അവിടുത്തെ ബാസാറുകളിൽ ത്തന്നെ ചുറ്റിക്കറങ്ങാതിരിക്കുക. ബാസാറുകളുടെ ക്രയവിക്രയം നടത്താതിരിക്കുക. പ്രത്യുത ഈ ആത്മീയഭക്ഷണത്തളികയിൽനിന്ന് ഫലമെടുക്കാൻ ശ്രമിക്കുക. അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.(അൽഫള്ൽ ഇന്റർനാഷണൽ 2025 ആഗസ്റ്റ്15, പേജ് 2-6) *(വിവർത്തനം: മുഹമ്മദു ഇസ്മായീൽ, എഡിറ്റർ ബദ്ർ)*

പേജ് 1 ൽ നിന്ന്

രക്തം ഒരു ഇറച്ചിക്കഷണത്തിന്റെ രൂപം പ്രാപിക്കുന്നു. അതായത് രക്തക്കട്ടയിൽപോകുന്ന മലിനജലത്തിൽനിന്ന് അവൻ രക്ഷപ്പെടുന്നു. അതിന് അഭിമുഖമായി **വല്ലദീനഹും ലി ഫുറൂജിഹിം ഹാഫിളൂൻ** വെക്കപ്പെട്ടിരിക്കുന്നു. അതായത് അവൻ തന്റെ സകല ദ്വാരങ്ങളും സംരക്ഷിക്കാൻ തുടങ്ങുന്നു. ഇപ്പോൾ അവന്റെ അസ്തിത്വം ഒരു സുസ്ഥിരമായ അസ്തിത്വമായിത്തീരുന്നു. അത് അഴുക്കിൽനിന്ന് സ്വയമേവ തന്റെ തീരുമാനത്തിലൂടെ സുരക്ഷിതമാക്കി വെക്കുന്നു. പിന്നീട് അഞ്ചാമത്തെ പദവി പറഞ്ഞിരിക്കുന്നത് ഇതാണ്, മാംസ പിണ്ഡത്തിനുശേഷം ശരീരത്തിൽ എല്ല് ഉണ്ടാകാൻ തുടങ്ങുന്നു. ഇതിന് അഭിമുമായി ആത്മീയപദവി പറഞ്ഞിട്ടുള്ളത്, അവർ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നുവെന്നാണ്. അതായത് അവരിൽ എങ്ങനെയുള്ള ആത്മീയമായ കർക്കശമുണ്ടാകുന്നുവെന്നാൽ അവരുടെ പക്കൽ ഏതെങ്കിലും ശത്രു അമാനത്ത് വെക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ശത്രുജനത അവരുമായി കരാറു ചെയ്യുകയോ ചെയ്താൽ അവർ അത് പാലിക്കുന്നതായിരിക്കും. ഏതെങ്കിലും തരത്തിലുള്ള അത്യാഗ്രഹമോ ബലഹീനതയോ അവരിലുണ്ടാകുകയില്ല. എങ്ങനെയെന്നാൽ അവസരം വരുമ്പോൾ അവൻ തെറ്റിപ്പോകുകയില്ലെന്ന് എല്ലാവരും അറിയുന്നു. പ്രത്യുത വാക്കുപാലിക്കുന്നതിൽ ഉറച്ചു നിൽക്കുന്നതായിരിക്കും. ശാരീരികമായ സൃഷ്ടിപ്പിന്റെ ആറാമത്തെ പദവി എല്ലുകളെ മാംസംകൊണ്ടു പൊതിയുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിന് അഭിമുഖമായി ആത്മീയമായ പദവി വിവരിച്ചിട്ടുള്ളത് അവൻ തന്റേയും തന്റെ ജനതയുടേയും നമസ്കാരങ്ങളെ കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. അതായത് എപ്രകാരം തൊലിപൊതിഞ്ഞതിനുശേഷം കുഞ്ഞ് ഒരുപാട് പരിധിവരെ നിഷ്ടപ്പെട്ടുപോകുന്നതിൽനിന്ന് സുരക്ഷിതനായിത്തീരുന്നു. ഇപ്രകാരം തങ്ങളുടെ ജനതയിൽ അല്ലാഹുവിനെ ആരാധിക്കുന്നത് നിലനിറുത്തുന്ന ആളുകൾ, അവർ സ്വന്തമായ നിലയിൽ സുരക്ഷിതരായി നിൽക്കാതെ സാമൂഹികമായ നിലയിലും സുരക്ഷിതരായിത്തീരുന്നു. അവർ സൽജനതയായ കാണത്താൽ, തൊലിപൊതിഞ്ഞിരിക്കുന്ന മനുഷ്യൻ ബാഹ്യമായ സ്വാധീനങ്ങളിൽനിന്ന് സുരക്ഷിതനായിരിക്കുന്നതുപോലെ അവർ പുറമെനിന്നുള്ള സ്വാധീനങ്ങളിൽനിന്നും സുരക്ഷിതരായിരിക്കുന്നു.

ഭൗതികമായ സൃഷ്ടിപ്പിൽ ഏഴാമത്തെ പദവി, എല്ലുകളിൽ മാംസവും തൊലിയും ആവരണം ചെയ്യപ്പെടുമ്പോൾ നമ്മൾ അവയ്ക്ക് മറ്റൊരു സൃഷ്ടിപ്പ് നല്കുന്നു എന്നാണ് വിവരിച്ചിട്ടുള്ളത്. അത് ജനിച്ച് മനുഷ്യരായിത്തീരുന്നു. ഇതിനു അഭിമുഖമായി ആത്മീയ ശ്രേഷ്ഠതയുടെ ഈ പദവിയാണ് വിവരിച്ചിട്ടുള്ളത്;അവർ മരിച്ച് സകല സമ്മാനങ്ങളുടേയും കൂട്ടായ്മയാകുന്ന സമ്മാനങ്ങളുടെ അനന്തരാവകാശികളായിത്തീരുന്നു. അതായത് എപ്രകാരം ഭൗതികമായ സൃഷ്ടിപ്പിൽ മനുഷ്യൻ എല്ലാ മൃഗങ്ങളുടേയും ശ്രേഷ്ഠതകളുടേയും കൂട്ടായ്മയാകുന്നുവോ അപ്രകാരം ആത്മീയമനുഷ്യൻ മരിച്ച് സകല തരത്തിലുമുള്ള അനുഗ്രഹങ്ങളുടേയും കൂട്ടായ്മ കരസ്ഥമാക്കി എടുക്കുന്നു. എപ്രകാരം ഭൗതിക മനുഷ്യൻ തന്റേയും തന്റെ ജനതയുടേയും സംരക്ഷണത്തിൽ കഴിവുള്ളവനാകുന്നുവോ ആത്മീയ മനുഷ്യന്റെ ആത്മീയസംരക്ഷണത്തിന് അല്ലാഹു സ്വയം ചുമതല ഏറ്റെടുക്കുന്നു.*(തഫ്സീറെ കബീർ, വാള്യം 6, പേജ് 138 - 139, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

ക്കുക. അതിനോടൊപ്പം പൊസിഷൻ കരസ്ഥമാക്കുന്നവർക്ക് സമ്മാനങ്ങളും കൊടുക്കുക.

* ഹുദൂർ അൻവർ അമീർ സാഹിബ് ഇന്തൊനേഷ്യയോടു പറഞ്ഞു:ലണ്ടനിലും ഖാദിയാനിലും ധാരാളം പുതിയഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിങ്ങളുടെ ലൈബ്രറികൾക്കുവേണ്ടി അവിടന്ന് വാങ്ങുക. ഇല്ലെങ്കിൽ സോഫ്റ്റ് കോപ്പി അവിടന്ന് വാങ്ങി ഇവിടെ നിങ്ങളുടെ ആവശ്യമനുസരിച്ച് പ്രിന്റ് ചെയ്യുക. ഇവിടെ കടലാസും അച്ചടിയും ആദായകരമാണ്.

അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു: World Crisis And The Pathway To Peace ന്റെ ഇന്തൊനേഷ്യൻ ഭാഷയിൽ തർജമ നടന്നുകൊണ്ടിരിക്കുന്നു. ഹുദൂർ അൻവർ പറഞ്ഞു: ഇത് വിദ്യാസമ്പന്നരായ ആളുകൾക്ക് കൊടുക്കുക. ഭരണതന്ത്രജ്ഞർക്കും രാഷ്ട്രീയ പ്രവർത്തകർക്കും നല്കുക.

പരിശോധനകൾക്കുശേഷം നാഷണൽ സെക്രട്ടറി തഅ്ലീമിനോടു ഹുദൂർ അൻവർ പറഞ്ഞു: നിങ്ങളുടെ കൈയിൽ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും സ്കൂളുകളിലും പോകുന്നവിദ്യാർഥികളുടേയും വിദ്യാർഥിനികളുടേയും പൂർണമായ റെക്കോർഡുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുക.

ഹുദൂർ അൻവർ പറഞ്ഞു: വിദ്യാർഥികൾക്ക് അവാർഡു നല്കുന്ന സിസ്റ്റം നിങ്ങളും തുടങ്ങുക. വിദ്യാർഥികൾക്ക് അവരുടെ ഉന്നതവും അസാധാരണവുമായ വിജയത്തിൽ അവാർഡ് കൊടുക്കുക. അവരെ പ്രോത്സാഹിപ്പിക്കുക.

നാഷണൽസ സെക്രട്ടറി തഅ്ലിം പറഞ്ഞു: ഈ വർഷം 200-നടുത്ത് വിദ്യാർഥികൾ യൂണിവേഴ്സിറ്റിയിൽ പോകുന്നതായിരിക്കും. ഹുദൂർ അൻവർ ഇങ്ങനേയും പറഞ്ഞു:പിന്നീട് നിങ്ങൾ ഏതു വിഷയത്തിൽ എത്ര കുട്ടികൾ പഠിക്കുന്നുവെന്ന കാര്യങ്ങളുടേയും റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

* അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു:ഇന്തൊനേഷ്യാ ജാമിഅയിൽ ഖാളിഫൈഡായിട്ടുള്ള അധ്യാപരുടെ കുറവുണ്ട്. ഇതു സംബന്ധമായി ഹുദൂർ ചില സംഘടനാപരമായ ഉപദേശങ്ങൾ നല്കി.

* ഹുദൂർ അൻവറിന്റെ സന്നിധിയിൽ ഇങ്ങനെയൊരു പദ്ധതി സമർപിക്കപ്പെട്ടു. അതായത് മജ്ലിസ് "നുസ്റത്ത് ജഹാൻ സ്കീമി"നെപ്പോലെ ഇവിടെ ഇന്തൊനേഷ്യയിലും സ്കൂളുകളും ക്ലിനിക്കുകളും തുടങ്ങുക. അതിന് ഇവിടെ ഒരു പാട് ആവശ്യമുണ്ട്. ചില പ്രദേശങ്ങൾ ഈ സൗകര്യങ്ങളിൽനിന്ന് തള്ളപ്പെട്ടുകിടക്കുന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഇന്തൊനേഷ്യൻ അമീറിനെ നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: പ്രൈമറി സ്കൂളുകളും ക്ലിനിക്കുളും സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുക. ഇവിടുത്തേക്കുവേണ്ടി മിഷണറിമാർക്കും ഡോക്ടേഴ്സിനും ടീച്ചേഴ്സിനും വിസ കിട്ടുമോ എന്ന് അന്വേഷിക്കുക. അവർക്ക് ഇവിടെ സേവനത്തിന് വരാൻ കഴിയുമോ എന്നും നോക്കുക. ഇത് സാധ്യമാണോ എന്നും പരിശോധിക്കുക.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹ്യൂമാനിറ്റിഫസ്റ്റ് രജിസ്റ്റേഡാണെങ്കിൽ ഇവർക്കും സ്കൂൾ തുടങ്ങാൻ കഴിയും. ആഫ്രിക്കയിൽ സെക്കന്ററി ഹൈസ്കൂൾ, പ്രൈമറി ഹൈസ്കൂൾ, വൊക്കേഷണൽ സ്കൂൾ നടത്തുന്നുണ്ട്. അതിനാൽ ഈ വശത്തൂടേയും പരിശോധിക്കുക. സാധ്യതകളുണ്ടോ എന്ന്.

നാഷണൽ സെക്രട്ടറിസാഹിബ് ഉമൂറെ ഖാരിജയ്ക്ക് മാർഗനിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുമായി നല്ല ബന്ധമുണ്ടായിരിക്കണം. ബന്ധമുണ്ടാകേണ്ടതാണ്. യുവാക്കളുടെ ഒരു ടീമുണ്ടാക്കുക. അവർ ഭരണാധികാരികളുമായി നല്ല ബന്ധം സ്ഥാപിക്കുകയും അതു വളർത്തുകയും വേണം.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:സെക്രട്ടറി തഅ്ലീം സാഹിബ് വിദ്യാർഥികൾക്ക് ആത്മവിശ്വാസം നല്കുക. അവർ

പൊതുപ്രവർത്തനത്തിന് പോകട്ടെ. രാഷ്ട്രീയത്തിൽ പോകട്ടെ. ആർമി, നേവി, വ്യോമസേനയിലുള്ളവർക്ക് നമസ്കാരസെന്റർ ഉപയോഗിക്കാൻ കഴിയുകയില്ല. ഒരു പ്രത്യേക സ്ഥലമെടുത്തിട്ട് അവിടെയാണ് നമസ്കരിക്കാറുള്ളത്.

* ഹുദൂർ അൻവർ അയ്യദഹുല്ലാഹ് മലേഷ്യാ സ്വദ്ർ സ്ഹിബിനോടു പറഞ്ഞു:നിങ്ങളുടെ പബ്ലിക് ബന്ധങ്ങൾ വർധിപ്പിക്കുക. രാജ്യത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലും വർധിപ്പിക്കുക. എല്ലാ ഭാഗത്തും വർധിപ്പിക്കുക. ഭരണകർത്താക്കളായ ഓഫീസർമാരോടും ഉദ്യോഗസ്ഥന്മാരോടും സിവിൽ ഓഫീസർമാരോടും ബന്ധങ്ങൾ വർധിപ്പിക്കുക. ഈ അവസ്ഥളിൽനിന്ന് പെട്ടെന്ന് പുറത്തുവരാനുള്ള എന്തെങ്കിലും വഴി തേടിപ്പിടിക്കുക. യുവാക്കളുടെ ഒരു ടീമുണ്ടാക്കുക. അവർ കഠിനാധ്വാനത്തോടും പരിശ്രമത്തോടും തങ്ങളുടെ ബന്ധവും അടുപ്പവും സ്ഥാപിക്കുക.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: മലേഷ്യയിലും നമ്മുടെ യുവാക്കൾ എല്ലാ വകുപ്പിലും ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ സർവീസുകളുടെ വിവിധ ഓഫീസുകളിലും സിവിൽ സർവീസുകളിലും ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ ഫീൽഡുകളിലും പോകുക. എല്ലാ വകുപ്പുകളിലും നമ്മുടെ സാന്നിദ്ധ്യമുണ്ടാകേണ്ടതാണ്. വ്യവസ്ഥാപിതമായി വിദ്യർഥികൾക്ക് കൗൺസിലിംഗ് നടത്താൻ സെക്രട്ടറി തഅ്ലീമിനോടു പറയുക. അവർക്ക് ഗൈഡ് ചെയ്യുക.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് സിംഗപ്പൂർ സ്വദ്റിനോടു പറഞ്ഞു: നിങ്ങൾക്കും ഇതേ മാർഗനിർദേശങ്ങൾത്തന്നെയാണുള്ളത്.

* സെക്രട്ടറിസാഹിബ് വസ്വായാ മലേഷ്യ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു:വരുമാനമുള്ള 305 ആളുകളിൽനിന്ന് ഇതുവരെ 191 മൂസ്വികളുണ്ടായിട്ടുണ്ട്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ടാർഗറ്റ് പൂർത്തിയാക്കിയിരിക്കുകയാണില്ലോ!

* സെക്രട്ടറിസാഹിബ് തബ്ലീഗ് മലേഷ്യ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു:ഈ വർഷം 78 ബയ്അത്തുൾ നടന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:ഇവരെല്ലാവരുമായും നിങ്ങളുടെ ബന്ധം നിലനിറുത്തുക.

* സെക്രട്ടറിസാഹിബ് തബ്ലീഗ് സിങ്കപ്പൂർ പറഞ്ഞു:അവരുടെ ഈ വർഷത്തെ ബയ്അത്തിന്റെ എണ്ണം 5-ആണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: അവരുമായി ശക്തമായ ബന്ധം പുലർത്തുക.

നിങ്ങളുടെ നിളാമിന്റെ അഥവാ വ്യവസ്ഥിതിയുടെ ഭാഗമാക്കുക. ആളുകൾ ബയ്അത്ത് ചെയ്യുന്നുണ്ട്. പിന്നീട് ബന്ധമില്ലെങ്കിൽ പിന്നിലേക്ക് പോകുന്നു. ഇവർക്കെല്ലാവർക്കും തർബിയ്യത്ത് നല്കേണ്ടതാണ്. സ്ഥിരമായ ബന്ധം നിലനിറുത്തേണ്ടതാണ്. മുബല്ലിഗിന് ഇവരുമായി വ്യക്തിപരമായ ബന്ധമുണ്ടാകണം.

* സെക്രട്ടറി സാഹിബ് തഅ്ലീം സിങ്കപ്പൂർ പറഞ്ഞു:ഞങ്ങളുടെ പത്തിനടുത്ത കുട്ടികൾ യൂണിവേഴ്സ്റ്റിയിൽ പോകുന്നുണ്ട്.അപ്പോൾ ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:ഒരു കമ്മിറ്റി രൂപീകരിക്കുക. ഏതൊരു വിദ്യാർഥിളാണോ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് ഈ കമ്മിറ്റി അവർക്ക് ഗൈഡ് നല്കേണ്ടതാണ്.

തായ്ലാൻഡിലെ ജമാഅത്ത് സ്വദർ പറഞ്ഞു: അവർക്ക് ഈ വർഷം രണ്ടു ബയ്അത്താണുണ്ടായത്. എല്ലാവരുമായും ബന്ധപ്പെട്ടിരിക്കാൻ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു.

* മ്യാൻമറിലെ(ബർമ)പ്രതിനിധി പറഞ്ഞു: അവിടെ ഈ വർഷം നാലു ബയ്ത്ത് നടന്നു. എല്ലാവരുമായും ബന്ധപ്പെട്ടിരിക്കാൻ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു.

* ഹുദൂർ അൻവർ പറഞ്ഞു:ചൻദടാക്സൊന്നുമല്ല. ശറഹിനെക്കാൾ അഥവാ തോതിനെക്കാൾ കുറച്ചു നല്കാനാഗ്രഹിക്കുന്നവർ അവർ അനുവാദം വാങ്ങേണ്ടതാണ്.

*ഹുദൂർ അൻവർ പറഞ്ഞു: രാഷ്ട്രീയക്കാരുമായുള്ള ബന്ധം വർധിപ്പിക്കുക. എപ്പോൾ നിങ്ങൾക്ക് അവരുടെ ആവശ്യമുണ്ടാകുമോ അപ്പോൾ നിങ്ങൾക്ക് ഉപകാരപ്പെടുംവിധം ബന്ധം സുദൃഢമാക്കുക. അവർ ബയ്അത്ത് ചെയ്യണമെന്ന നിർബന്ധമൊന്നുമില്ല. അവർ രാഷ്ട്രീയക്കാരാണ്. ഭതികചിന്താഗതിക്കാരാണ്. അവർക്ക് ണീൃഹറ ഇൃശശെ അിറ ഠവല ജമവേംമ്യഠീ ജലമരല എന്ന പുസ്തകം കൊടുക്കുക. അഹ്മദിയ്യത്തിനെക്കുറിച്ചുള്ള അവരുടെ ധാരണകൾ വിഭിന്നമായിരിക്കും. ഇപ്രകാരംതന്നെ പത്രപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥന്മാർ എന്നിവരുമായി ബന്ധം വെക്കുകയും അവർക്ക് ഗ്രന്ഥങ്ങൾ നല്കുകയും ചെയ്യുക.(തുടരും)

**ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്**

**ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ عليه السلام വെല്ലുവിളി**

*“മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.*

***ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി-- ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ***

*തനിക്ക് അവസരം കിട്ടുകയാണെങ്കിൽ നബിﷺതിരുമേനിയുടെ കാലുകഴുകുമെന്ന് റോമൻ ചക്രവർത്തി പറഞ്ഞിരുന്നു. മസീഹിനെക്കുറിച്ച് ഏതെങ്കിലും നിസ്സാരനായൊരു ജന്മി ഇങ്ങനെ പറഞ്ഞതായി തെളിയിക്കുകയാണെങ്കിൽ 1000 രൂപ ഇനാം!”*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ പ്രൗഢഗംഭീരമായ ഈ വെല്ലുവിളി അദ്ദേഹത്തിന്റെ ഗ്രന്ഥമായ നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 9-ൽ നിന്ന് സമർപിക്കുകയാണ്. വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്عليه السلامവിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകൾ പ്രകടമാക്കുന്നതിന് ‘നൂറുൽ ഖുർആൻ’ എന്ന പേരിൽ ഒരു മാസിക തുടങ്ങിയിരുന്നു. എന്നാൽ, അങ്ങേയറ്റത്തെ തിരക്കുകാരണം ഇതിന്റെ രണ്ടു പതിപ്പ് മാത്രമെ പ്രസിദ്ധീകരിക്കാൻ സാധിച്ചുള്ളു. രണ്ടാമത്തെ ലക്കത്തിൽ, അതായത് നൂറുൽഖുർആൻ നമ്പർ 2-ൽ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനമ്മുടെ ഖാത്തമുന്നബിയ്യീനും പരിശുദ്ധ നേതാവും നിഷ്കളങ്കജനതയുടെ തലവനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺയെ കുറിച്ചും ആ മഹാത്മാവിന്റെ സഹധർമിണിമാരെക്കുറിച്ചുമുള്ള ഗുരുദാസ്പൂർ ജില്ലയിലെ ഫതഹ് ഗഢുകാരനായ പാതിരി ഫതഹ് മസീഹ് ഉന്നയിച്ച ആക്ഷേപങ്ങൾക്ക് മറുപടി നല്കുകയുണ്ടായി. പാതിരി ഫതഹ് മസീഹിന്റെ ആക്ഷേപവും അതിനുള്ള മറുപടിയും താഴെ കൊടുക്കുകയാണ്. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامഫതഹ് മസീഹിന് 1000 രൂപ ഇനാം പ്രഖ്യപിച്ചുകൊണ്ട് ഒരു വെല്ലുവിളിയും നടത്തിയിരിക്കുന്നു. വിശ്വാസികളുടെ മാതാവായ ഹദ്റത്ത് ആഇശാرضي الله عنهاയുടെ 9-ാം വയസ്സിലുള്ള വിവാഹം ശരീഅത്തിനെതിരാണെന്ന് പാതിരി ഫതഹ് മസീഹ് പറയുകയും

ഹദീഥുന്നബവിﷺ
“നമസ്കാരത്തിൽ ഒരാൾ ഉറക്കം തൂങ്ങുന്നപക്ഷം, താനോതുന്നത് എന്താണെന്ന് അറിയുന്നതുവരെ അയാൾ ഉറങ്ങട്ടെ.”(ബുഖാരി. 4:53)
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവിﷺ
“നിങ്ങളിൽ ഒരാൾ ജനങ്ങൾക്കുവേണ്ടി പ്രാർഥന നയിക്കുമ്പോൾ അയാൾ അത് ലഘുവാക്കണം. എന്തുകൊണ്ടെന്നാൽ അവരിൽ ക്ഷീണിച്ചവനും രോഗിയും വൃദ്ധനുമുണ്ടായിരിക്കും.” (ബുഖാരി. 8:62)
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

അതുകൊണ്ട് ഇതു വിവാഹമല്ല പ്രത്യുത വ്യഭിചാരമാണെന്ന് ആക്ഷേപിക്കുകയും ചെയ്തിരുന്നു. ഈ പ്രവൃത്തി ശരീഅത്തിന്നെതിരാണെങ്കിൽ പാതിരി ഫതഹ് മസീഹ് വിശുദ്ധ ഖുർആനിൽനിന്ന് അല്ലെങ്കിലും, ചുരുങ്ങിയ പക്ഷം തൗറാത്തിന്റേയോ ഇഞ്ചീലിന്റേയോ തെളിവെങ്കിലും നല്കേണ്ടതായിരുന്നു. എന്നാൽ, തെളിവായി ഏതെങ്കിലും ദൈവ ഗ്രന്ഥമല്ല. മറിച്ച് വിവാഹപ്രായം 18 വയസ്സാണെന്ന ബ്രിട്ടീഷ് സർക്കാറിന്റെ നിയമമാണ് നല്കിയത്. ബ്രിട്ടീഷ് സർക്കാറിന്റെ തെളിവ് നല്കിക്കൊണ്ട് പാതിരി ഫതഹ് മസീഹ് ചോദിക്കുന്നു, നബിﷺ തിരുമേനി ബ്രിട്ടീഷ് സർക്കാറിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ സർക്കാർ അദ്ദേഹത്തോടു എങ്ങനെയയിരിക്കും പെരുമാറുക?

ഒരു പ്രവൃത്തി ശരീഅത്തിന്നെതിരാണെന്ന് പറഞ്ഞുകൊണ്ട് ദൈവഗ്രന്ഥത്തിലുള്ള തെളിവു നല്കാതെ ബ്രിട്ടീഷ് സർക്കാറിന്റെ തെളിവു നല്കിയത് പാതിരി ഫതഹ് മസീഹിന്റെ ദുഷ്ടതയാണ്. ഈ പാതിരി എന്തിനാണ് അങ്ങേയറ്റം ദുഷ്ടനും നിർഭയനുമായിത്തീരുന്നത്? പരിശുദ്ധരിൽ പരിശുദ്ധനും കോടിക്കണക്കായ ജനങ്ങളുടെ നേതാവുമായ നബി ﷺതിരുമേനിയെ കുറിച്ച് അങ്ങേയറ്റം തരംതാണ ആക്ഷേപങ്ങൾ ഉന്നയിക്കുമ്പോഴും അവരുടെ ഹൃദയം വിറയ്ക്കുന്നില്ല. ഈ നിർഭയത്വം അയാളിൽനിന്ന് എന്തുകൊണ്ടുണ്ടാകുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ചില ഉദ്ധരണികൾ സമർപ്പിക്കാം.

മിർസാ ഗുലാം അഹ്മദ്ؑ പറയുന്നു:"ഓർത്തുകൊള്ളുക! യഥാർഥത്തിൽ പാതിരി സാഹിബുമാർ പരിഹസിക്കുന്നതിലും നിന്ദിക്കുന്നതിലും അസഭ്യം പറയുന്നതിലും ഒന്നാം സ്ഥാനത്താണുള്ളത്. നമ്മുടെ പക്കൽ ഇത്തരം അസഭ്യവാക്കുകൾ നിറഞ്ഞതായ പുസ്തകങ്ങളുടെ ശേഖരംതന്നെയുണ്ട്."*(നൂറുൽ ഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാല്യം 9, 375).*

പാതിരിമാർ പ്രത്യേകമായ നിലയിൽ വിശുദ്ധ ഖുർആനെക്കുറിച്ചും സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺയുടെ പരിശുദ്ധ വ്യക്തിത്വത്തെ കുറിച്ചും വന്യജന്തുക്കളെപ്പോലെ എന്തിനാണ് ആക്രമണം നടത്തുന്നത്? ഇതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു:

"യഥാർഥത്തിൽ ക്രിസ്ത്യാനികൾ വിശുദ്ധ ഖുർആനിനെ അങ്ങേയറ്റം വെറുക്കുന്നു. ക്രിസ്തുമതത്തിന്റെ തെറ്റായവിശ്വാസത്തെ വിശുദ്ധ ഖുർആൻ വേരോടെ പിഴുതെറിയുന്നു എന്നതുകൊണ്ടാണ് അവർ വെറുക്കുന്നത്. ഒരു മനുഷ്യനെ ദൈവമായി ചിത്രീകരിക്കുന്നത് കള്ളമാണെന്നാണ് അത് പറയുന്നത്. കുരിശു വിശ്വാസത്തെ ഖുർആൻ കഷണംകഷണമാക്കുന്നു. ക്രിസ്ത്യാനികളുടെ അഭിമാനമായ ഇഞ്ചീലിന്റെ അധ്യാപനങ്ങൾ പരമമായ അബദ്ധങ്ങൾ നിറഞ്ഞതും ന്യൂനതയുള്ളതും നിഷ്ഫലവുമാണെന്നതിന് അതു തെളിവു നല്കുന്നു. അപ്പോൾപിന്നെ ക്രിസ്ത്യാനികളുടെ ആക്ഷേപം ശരീരേച്ഛയ്ക്കടിപ്പെട്ടു കൊണ്ടുണ്ടാകുന്നതാണ്.'*(ചശ്മയെ മസീഹി, റൂഹാനീ ഖസാഇൻ വാല്യം 20, 343).*

ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: 'ഇസ്‌ലാമിന്റെ കല്ലാണ് പാതിരിമാരുടെ നെഞ്ചത്ത് പതിഞ്ഞിട്ടുള്ളത്. അല്ലെങ്കിൽ മറ്റെല്ലാ മതങ്ങളും അവരുടെ നോട്ടത്തിൽ ആണത്വമില്ലാത്തതാണ്. ഹിന്ദുക്കളും ക്രിസ്ത്യാനിയായിക്കൊണ്ട് ഇസ്‌ലാമിനെ നിഷേധിച്ച് പുസ്തകമെഴുതുന്നു. രാമചന്ദ്രനും ഠാക്കൂർദാസും ഇസ്‌ലാമിനെ ഖണ്ഡിച്ചുകൊണ്ട് സകല ശക്തിയുമുപയോഗിച്ച് പുസ്തകം എഴുതുന്നു. കാര്യമെന്താണെന്നാൽ അവരുടെ മനസ്സാക്ഷി പറയുന്നത് അവരുടെ നാശം ഇസ്‌ലാമിലൂടെയാണെന്നാണ്. ഏതിലാണോ തങ്ങളുടെ നാശമുള്ളത് അതിനെ ഭയക്കുക എന്നത് സ്വാഭാവികമാണ്. ഒരു കോഴിക്കുഞ്ഞ് പൂച്ചയെ കണ്ടാൽ ഒച്ചപ്പാടുണ്ടാക്കുന്നു. ഇതുപോലെ വിവിധമതങ്ങളുടെ അനുയായികൾ പൊതുവിലും പാതിരിമാർ പ്രത്യേകിച്ചും ഇസ്‌ലാമിനെ ഖണ്ഡിക്കാൻ സകല ശക്തിയും ചെലുത്തുന്നു. അതിനുള്ള കാരണം ഇസ്‌ലാം മാത്രമാണ് തെറ്റായ മതങ്ങളെ തുണ്ടംതുണ്ടമാക്കുന്നതെന്നും ഉന്മൂലനം ചെയ്യുന്നതെന്നും അവർക്ക് ദൃഢവിശ്വാസമാണുള്ളത്. മാത്രമല്ല അവരുടെ ഉള്ളിൽനിന്ന് അവരുടെ ഹൃദയം അത് വിളിച്ചോതുന്നുമുണ്ട്.'*(മൽഫൂദാത്ത് വാല്യം 1, പേജ് 110, പ്രസിദ്ധീകരണം ഖാദിയാൻ 2003)*

മറ്റൊരു കാരണം എന്താണെന്നാൽ, ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായിപോയി പാതിരിമാരായവർ നബിﷺതിരുമേനിയുടെമേൽ അങ്ങേയറ്റം ഉത്സാഹത്തോടെ ആക്രമണം നടത്തുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑഇസ്‌ലാമിൽനിന്നുപോയി ക്രിസ്തുമതം സ്വീകരിച്ച ഇത്തരം നാട്ടുപാതിരിമാരെ കുറിച്ച് പറയുന്നു:

"പട്ടിണികൊണ്ട് പൊറുതിമുട്ടിയിരുന്ന ഇവർ ക്രിസ്ത്യൻ പള്ളികളിൽ ഒരുമിച്ചു കൂടിയിരുന്നു. ഇതൊക്കെ അവരുടെ ധനത്തിനോടുള്ള അത്യാർത്തിയും അവരുടെ സമ്പത്തിൽ നോട്ടമിട്ടതുകൊണ്ടുമാണ് പ്രകടമായത്. അങ്ങനെ അവർ സൃഷ്ടികുലോത്തമനായ നബിﷺതിരുമേനിക്കെതിരിൽ കഠിനമായ വാക്കുകൾ ഉപയോഗിച്ച് പാതിരിമരെ സുഖിപ്പിച്ചു. അവർ തരംതാണ ആക്ഷേപങ്ങളുന്നയിക്കുകയും ഇസ്‌ലാമിനോടു വിദ്വേഷവും ക്രിസ്തുമതത്തിൽ അടിയുറച്ചു നില്ക്കുമെന്ന് കാണിക്കാൻവേണ്ടി പുതിയരീതിയിലുള്ള ആക്ഷേപങ്ങളും അവഹേളനങ്ങളും പടച്ചുവിടുകയും ചെയ്തു. അങ്ങനെ തങ്ങളുടെ അപമര്യാദയോടുള്ള സംസാരംകൊണ്ട് അവരുടെ പ്രത്യേക അനുയായികളായിത്തീരുകയും അതുമുഖേന തങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുകയുമാണ് ചെയ്യുന്നത്.'*(നൂറുൽ ഹഖ്, റൂഹാനീ ഖസാഇൻ വാല്യം 8, 47).*

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു:'എനിക്ക് അത്ഭുതം തോന്നുന്നു. ഇക്കൂട്ടർ വിദ്യാസമ്പന്നരാണെന്ന് പറയുകയും സംസ്കാരമുള്ളവരാണെന്ന് വാദിക്കുകയും ചെയ്തുകൊണ്ട് കോടിക്കണക്കിലുള്ള മനുഷ്യരുടെ നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയെ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് ആക്രമിക്കുന്നത്? യഥാർഥത്തിൽ ഇവരുടെ സൽസ്വഭാവം നഷ്ടപ്പെട്ടുപോകുകയും ഇവർ നിന്ദ്യരായിത്തീരുകയുമാണ് ചെയ്യുന്നത്. അതിന്റെ ഫലമായി മനുഷ്യർക്ക് അവരോടുലജ്ജ തോന്നുന്നു. ഇവരുടെ ധൈര്യത്തിനുള്ള കാരണം ഇപ്പോൾ ക്രിസ്ത്യാനികൾക്ക് ഭരണം ലഭിച്ചുവെന്നതു മാത്രമാണ്. ഇവർക്ക് ലജ്ജയുമുണ്ടാകുന്നില്ല! ലോകത്ത് മുസ്‌ലിമീങ്ങൾ ഭരണാധികാരികളായിരുന്നപ്പോൾ ക്രിസ്ത്യാനികളുടെ അവസ്ഥ ഇന്നുള്ള മുസ്‌ലിമീങ്ങളുടെ അവസ്ഥയെക്കാൾ മോശമായിരുന്നിട്ടും മുസ്‌ലിമീങ്ങൾ നസ്റേത്തുകാരനായ യേശുവിനെക്കുറിച്ച് കഠിനമായ


• ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വിﷺ •

**"നിങ്ങളുടെ സ്ത്രീകൾ രാത്രിയിൽ മസ്ജിദിൽ പോകാൻ അനുവാദം ആവശ്യപ്പെട്ടാൽ അവർക്ക് അനുവാദം നല്കുക."**
**(ബുഖാരി 10:162)**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

**"അണി ചൊവ്വാക്കുക; വളവു വരരുത്. എന്തുകൊണ്ടെന്നാൽ അങ്ങനെയാകുമ്പോൾ നിങ്ങളുടെ ഹൃദയം വിയോജിക്കും. നിങ്ങളിൽ ഗ്രഹണശക്തിയും ബുദ്ധിശക്തിയുമുള്ളവർ എന്റെ ഏറ്റവും അടുത്തു നിൽക്കട്ടെ; പിന്നീട് അവരോടു ഏറ്റവും അടുത്തവർ."**
**(മിശ്ക്കാത്ത് 4:24)**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

**പദങ്ങളൊന്നും ഉപയോഗിച്ചിരുന്നില്ല. ക്രിസ്തീയ നാടുകളിൽ മുസ്‌ലിമീങ്ങൾ ആയിരം വർഷം ഭരണം നടത്തി അവരുടെ നേതാവിനോടു എന്തൊരു അന്തസ്സാണോ പ്രകടിപ്പിച്ചിരുന്നത് അഹോകഷ്ടം! ക്രിസ്തീയർ 200, 300 കൊല്ലത്തെ ഭരണത്തിൽ ഇങ്ങനെ അഹങ്കാരികളാകാൻ പാടില്ലായിരുന്നു. അവർ നബിമാരുടെ നേതാവായ ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺയെ ആക്രമിക്കാതിരിക്കുകയും മുസ്‌ലിമീങ്ങളുടെ ഔദാര്യത്തെ ഓർമിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! വാസ്തവത്തിൽ ക്രിസ്ത്യാനികൾ നബിﷺതിരുമേനിയെ കുറിച്ച് പറഞ്ഞതിനെക്കാളും കൂടുതൽ മുസ്‌ലിമീങ്ങൾക്ക് ഈ സാനബിയെ കുറിച്ച് പറയാൻ സാധിക്കുന്നതാണ്.'*(തഫ്സീറെ കബീർ, വാള്യം 1, പേജ് 253)***

**അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയായിരിക്കും ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാനെന്റെ ക്രാന്തദൃഷ്ടിയാൽ നോക്കികാണുന്നു.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"ഞാനുറച്ച കരുത്തോടും സ്ഥൈര്യത്തോടും ഇതാ പ്രഖ്യാപിച്ചുകൊള്ളട്ടെ; ഞാൻ സത്യപാതയിൽത്തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നത് ഞാനെന്റെ ക്രാന്തദൃഷ്ടിയാൽ നോക്കിക്കാണുന്നു. ഇതാ!ഞാനൊരു അതിമഹത്തായ വിജയത്തെ കൈവരിക്കാൻ അടുത്തിരിക്കുന്നു. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാനത് കണ്ടുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരാത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതെന്റെ ഓരോ വാക്കിനും ഓരോ അക്ഷരത്തിനും ജീവൻ നല്കിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയിലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവപോലെ എഴുന്നേല്പിച്ചു നിറുത്തി. 'തൗബയുടെ(പശ്ചാത്താപത്തിന്റെ)വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോടു പ്രതികരിക്കാത്തവൻ ജീവനുള്ളവനാണോ?'*(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 303)*

"എനിക്ക് അധികമധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ ജമാഅത്തിനെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും സർവകക്ഷികളുടേയും മേൽ അതിനെ വിജയിപ്പിക്കുമെന്നും നിരന്തരം അല്ലാഹു എനിക്ക് സുവാർത്ത നല്കിയിരിക്കുന്നു. കൂടാതെ എന്റെ ജമാഅത്തിലെ ആളുകൾ തങ്ങളുടെ സത്യസന്ധതുടെ പ്രകാശംകൊണ്ടും തങ്ങളുടെ തെളിവുകൾകൊണ്ടും അടയാളങ്ങൾമുഖേനയും സർവരേയും നിരുദ്ധകണ്ഠരാക്കുംവിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതുമാണ്. സകല സമൂഹവും ഈ നീരുറവിൽനിന്ന് ജലപാനം ചെയ്യുന്നതായിരിക്കും. ഈ ജമാഅത്ത് ഭൂമിയിലാകമാനം പടർന്നുപന്തലിക്കുന്നതുവരെ അതിശീഘ്രം ഇതു വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതായിരിക്കും. അനവധി പരീക്ഷണങ്ങളും തടസ്സങ്ങളും നേരിടേണ്ടിവരും. എന്നാൽ, അവയെല്ലാം മധ്യത്തിൽനിന്ന് നീക്കിക്കളയുകയും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യും. എന്നെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറഞ്ഞു,"രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്."

"അതിനാൽ അല്ലയോ കേൾവിക്കാരേ!ഇക്കാര്യങ്ങൾ ഓർമിച്ചുകൊള്ളുക. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കി വെക്കുക. കാരണം ഇത് ഒരുനാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു. ഞാനെന്റെ ആത്മാവിൽ ഒരു നന്മയും കാണുന്നില്ല. ഞാൻ ചെയ്യേണ്ടതായിരുന്ന ജോലി ചെയ്തിട്ടുമില്ല. അർഹതയില്ലാത്ത ഒരു തൊഴിലാളിയായിട്ടാണ് ഞാൻ സ്വയം മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ് എന്റെ കൂടെയുള്ളത്. ഒരു വിധത്തിലുള്ള വൈദഗ്ദ്യവുമില്ലാതിരുന്നിട്ടും ഈ ഒരുപിടിമണ്ണിനെ ഇഷ്ടഭാജനമാക്കിയ ഖാദിറും കരീമുമായ അല്ലാഹുവിനാകുന്നു ആയിരമായിരം നന്ദി."*(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 408 -410)*

"ആരാണോ ഈഗ്രന്ഥം ഇറക്കിയത് അവനെന്താണ് പറയുന്നതെന്ന് കേട്ടുകൊള്ളുവിൻ. അവനെന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:"ഞാനെന്റെ പ്രകാശപ്പൊലിമ കാണിക്കുന്നതാണ്. എന്റെ വ്യക്തമായ ദിവ്യശക്തിയാൽ നിന്നെ ഉയർത്തുന്നതാണ്. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുന്നതും വലിയ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുന്നതുമാണ്.

അതിനാൽ അല്ലാഹുവിന്റെ ആ എല്ലാ വാഗ്ദാനങ്ങളും പുലരാത്തിടത്തോളം ഇക്കാലം കഴിഞ്ഞുപോകാതിരിക്കേണ്ടതും നമ്മൾ ലോകത്തുനിന്ന് കടന്നുപോകാതിരിക്കേണ്ടതും അനിവാര്യമാകുന്നു."*(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 554)*

അല്ലാഹു അവന്റെ സഹായങ്ങളും തന്റെ അടയാളങ്ങളും അവസാനിപ്പിച്ച് കഴിഞ്ഞിട്ടില്ല. അവന്റെ സത്തയെ തൊട്ടു ഞാൻ സത്യം ചെയ്യുന്നു. എന്റെ സത്യത ലോകത്തിനുമേൽ വെളിപ്പെടുത്താത്തിടത്തോളം അവൻ മതിയാക്കുകയില്ല. അതുകൊണ്ട് എന്റെ ശബ്ദം ശ്രവിക്കുന്നവരേ!ദൈവത്തെ ഭയപ്പെടുക. അതിരു ലംഘിക്കാതിരിക്കുക. ഈ പദ്ധതി മനുഷ്യന്റേതായിരുന്നുവെങ്കിൽ അല്ലാഹു എന്നെ നശിപ്പിക്കുമായിരുന്നു. എല്ലാ പരിപാടികളുടേയും പേരും അടയാളവും പോലും ഉണ്ടാകുമായിരുന്നില്ല. എന്നാൽ, എങ്ങനെയാണ് അല്ലാഹുവിന്റെ സഹായം എന്നോടൊപ്പമുണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ കണ്ടു. എത്രത്തോളം അടയാളങ്ങൾ വെളിപ്പെട്ടുവെന്നാൽ, അത് എണ്ണിക്കണക്കാക്കാൻ സാധിക്കുകയില്ല. നോക്കൂ! എത്രയെത്ര ശത്രുക്കളാണ് ഞാനുമായി മുബാഹല ചെയ്ത് നശിച്ചത്. അല്ലയോ ദൈവദാസരേ! അല്പം ചിന്തിക്കുക. അല്ലാഹു വ്യാജന്മാരോടു ഇങ്ങനെയാണോ പെരുമാറുന്നത്?"*(ഹഖീഖത്തുൽ വഹി, റൂഹാനീ സാഇൻ വാള്യം 22, പേജ് 554)*

**അഹ്മദിയ്യത്ത് ലോകത്ത് വിജയിക്കും. തീർച്ചയായും വിജയിച്ചിരിക്കും**
**(ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ (റ)**

ഒരു അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീറ ബശീർ അഹ്മദ് സാഹിബ് ഓർച്ചാഡിനെ സംബോധന ചെയ്തുകൊണ്ടു തന്റെ പ്രസംഗത്തിൽ പറഞ്ഞു:

"ഈ നേരത്ത് നിസംശയെ താങ്കൾ പരിചയമില്ലാത്ത ആളാണ്. അപരിചിതനാണ്. പക്ഷേ, ജനതകൾ താങ്കളുടെ പേരുകേട്ട് അഭിമാനിക്കുന്ന ഒരു കാലം വരും. താങ്കളുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കും. അതുകൊണ്ട് താങ്കളുടെ അനക്കമടക്കങ്ങളെ നിസ്സാരമായി മനസ്സിലാക്കരുത്. ഈ അനക്കങ്ങൾ കേവലം തന്റേതുമാത്രമാണെന്ന് മനസ്സിലാക്കരുത്. പ്രത്യുത ഇത് എല്ലാ ഇംഗ്ലീഷ് ജനതയുടേതുമാണ്. അവർ പിന്നീട് വരുന്നതായിരിക്കും. താങ്കളുടെ ഓരോ അനക്കവും പിൻപറ്റും. താങ്കളുടെ ഓരോ വാക്കിനേയും പിൻതുടരുന്നതായിരിക്കും..........

"അക്കാലത്ത് അഹ്മദിയ്യത്ത് ലോകത്ത് വിജയംവരിക്കുമ്പോൾ-തീർച്ചയായും വിജയം വരിച്ചിരിക്കും-ഒരു ശക്തിക്കും അതിനെ തടയാൻ സാധിക്കുകയില്ല. ആ നേരത്ത് ജനങ്ങളുടെ മനസ്സുകളിൽ താങ്കളുടെ മഹത്ത്വം വളരെ വർധിച്ചിരിക്കും. അതേറ്റവും വലിയ പ്രധാനമന്ത്രിയെക്കാളും അധികമായിരിക്കും."(അൽഫള്ൽ 1947 മെയ് 6)

www.alislam.org

www.mta.tv

**• ഹദീഥുന്നബ്‌വിﷺ •**

**"നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ അയാൾ തന്റെ രക്ഷിതാവുമായി രഹസ്യമായ സമ്പർക്കത്തിലേർപ്പെട്ടിരിക്കുകയാണ്."**

**(ബുഖാരി. 9:8)**

ത്വാലിബെ ദുആ

**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**

PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"തന്റെ നാഥനോടു ദാസൻ ഏറ്റവും അടുത്തിരിക്കുന്നത്, അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ അർഥനകൾ(സുജൂദിൽ)ചെയ്യുക."(മിശ്കാത്ത 4:14)**




ത്വാലിബെ ദുആ

**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**

VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 28 August 2025 Issue-35

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

**കഴിഞ്ഞലക്കം പേജ് 11 കോളം 4-ൽനിന്ന് തുടർച്ച...........**

**2013 സെപ്റ്റംബർ 30 തിങ്കൾ**

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 6 മണിക്ക് മസ്ജിദ് ത്വാഹായിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും മറ്റുകത്തുകളും വായിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു.

അഹ്മദിയ്യ ജമാഅത്ത് ഇന്തൊനേഷ്യയുടെ മജ്ലിസെ ആമില അംഗങ്ങളുമായുള്ള മീറ്റിംഗ്

പരിപാടിയനുസരിച്ച് 11.15-ന് ഹുദൂർ ത്വാഹ മസ്ജിദിൽ വന്നു. നാഷണൽ മജ്ലിസെ ആമില ഇന്തൊനേഷ്യാ അംഗങ്ങളുമായുമീറ്റിംഗ് ആരംഭിച്ചു. ഹുദൂർ ദുആ ചെയ്യിച്ചു.

*......അതിനുശേഷം നാഷണൽ സെക്രട്ടറി സാഹിബ് വസ്വായ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇപ്പോൾ മൂസിമാരുടെ എണ്ണം അയ്യായിരത്തിലധികമാണ്. ഹുദൂർ വസിയ്യത്തിനെ കുറിച്ച് പറഞ്ഞ നേരത്ത് മൂസികളുടെ എണ്ണം രണ്ടായിരമായിരുന്നു. അതിലിപ്പോൾ മൂവായിരത്തിന്റെ വർധന ഉണ്ടായികഴിഞ്ഞിട്ടുണ്ട്. അപ്പോൾ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങളുടെ ചന്ദകൊടുക്കുന്നവരുടെ സംഖ്യ ഇരുപത്തിരണ്ടായിരമാണ്. അതിന്റെ പകുതിവരെ എത്തുക.

ഹുദൂർ പറഞ്ഞു:ജോലിയിൽ വർധന ഉണ്ടാകുന്നതിന് അഡീഷണൽ സെക്രട്ടറി വസ്വായാ ഉണ്ടാക്കുക. നിങ്ങൾ എത്രയും വേഗം നിങ്ങളുടെ 50% എന്ന ലക്ഷ്യത്തിലെത്തുക.

* നാഷണൽ സെക്രട്ടറിമാലിൽനിന്ന് ഹുദൂർ അയ്യദഹുല്ലാഹ് വളരെ വിശദമായിത്തന്നെ ജമാഅത്തിന്റെ ബജറ്റും, ചന്ദ ആം, ചൻദ വസിയ്യത്ത്, ചന്ദ നല്കുന്നവരുടെ എണ്ണം,തുടങ്ങിയവ വിലയിരുത്തി. ജമാഅത്തംഗങ്ങളുടെ ചന്ദയുടെ വ്യക്തിഗതമായ നിലവാരം അവലോകനം ചെയ്തു. പറഞ്ഞു: നിങ്ങളുടെ ചന്ദയുടെ നിലവാരം ഇനിയും ഒരുപാട് ഉയർത്താൻ കഴിയും. ഹുദൂർ അൻവർ പറഞ്ഞു: ചന്ദയുടെ നിലവാരവും ഉയർത്തുക. ചന്ദ കൊടുക്കുന്നവരുടെ അംഗസംഖ്യയും വർധിപ്പിക്കുക. ഈ എണ്ണം ഇപ്പോൾ ഒരുപാട് വർധിക്കേണ്ടതാണ്. ഹുദൂർ അൻവർ പറഞ്ഞു: നിങ്ങളുടെ ബജറ്റ് നിഷ്പ്രയാസം 5 മുതൽ 10 ശതമാനംവരെ ഉയർത്താൻ സാധ്യതയുണ്ട്.

* നാഷണൽ സെക്രട്ടറി തബ്ലീഗ് ഹുദൂർ അൻവർ ചോദിച്ചപ്പോൾ പറഞ്ഞു: ഈ വർഷം ഇന്തൊനേഷ്യയിൽ 329 ബയ്അത്തുകൾ നടന്നു. ഏതെല്ലാം നാടുകളിലാണോ ബയ്അത്ത് നടന്നത് അവിടുത്തെ മുബല്ലിഗുമാരും ലോക്കൽ മുഅല്ലിമീങ്ങളും അവരുമായി ബന്ധംവെച്ചു വരുന്നുണ്ട്. കൃത്യമായി ബന്ധപ്പെടുന്നുമുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു:നൗ മുബാഇയീനുവേണ്ടിയുള്ള അഡീഷണൽ സെക്രട്ടറി വഖ്ഫു ജദീദുണ്ട്. എല്ലാ നവഅഹ്മദികളുമായി ബന്ധമുണ്ടാക്കുകയും ബന്ധം നിലനിറുത്തുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ജോലിയാണ്. എല്ലാ ജമാഅത്തുകളിലെ സെക്രട്ടറിമാരുമായും ബന്ധപ്പെടണം. ഇപ്പോഴാണെങ്കിൽ ഫോണുണ്ട്. ഫാക്സുണ്ട്. മറ്റുമാർഗങ്ങളുമുണ്ട്. അവ മുഖേന ഇവരുമായി എളുപ്പത്തിൽ ബന്ധപ്പെടാവുന്നതാണ്. ഇപ്പോൾ അവരുമായി സ്ഥിരമായിട്ട് ബന്ധപ്പെടുക. അവർക്ക് ശിക്ഷണം നല്കുക. ഈ പുതിയ ആളുകൾ എതിർപ്പു കാണുമ്പോൾ പരിഭ്രമിച്ചു പോകും.

* ഹുദൂർ പറഞ്ഞു:നിങ്ങളുടെ സ്ഥിരമായ ഖളാവ്യവസ്ഥിതി ഉണ്ടാകേണ്ടതാണ്.

* നാഷണൽ സെക്രട്ടറി ഇശാഅത്തിനോടു ഹുദൂർ ചോദിച്ചു: ഇതുവരെ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഏതേതെല്ലാം ഗ്രന്ഥങ്ങൾ ഇന്തൊനേഷ്യൻ ഭാഷയിൽ തർജമ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സെക്രട്ടറി ഇശാഅത്ത് പറഞ്ഞു:ഇതുവരെ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ 9 ഗ്രന്ഥങ്ങളുടെ തർജമ ചെയ്തു കഴിഞ്ഞിട്ടുണ്ട്. *രിസാല വസിയ്യത്ത്, കശ്തിയെ നൂഹ്, ഇസ്ലാമി ഉസ്വൂൽകി ഫിലാസഫി, ഏക് ഗലത്തീ കാ ഇസാല, സരൂരത്തുൽ ഇമാം, ഫത്ഹെ ഇസ്ലാം* തുടങ്ങിയവ ഇതിൽപ്പെടുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹഖീഖത്തുൽ വഹിയുടെ തർജമയും ഇന്തൊനേഷ്യൻ ഭാഷയിൽ ചെയ്യുക. കാരണം ഈ ഗ്രന്ഥം സത്യസാക്ഷ്യത്തിന്റെ ഒരുപാട് അടയാളങ്ങൾ അടങ്ങിയതാണ്. ഒരുപാട് തെറ്റുധാരണകൾ അകറ്റുന്നതാണ്. ഈ ഗ്രന്ഥത്തിൽ ധാരാളം പ്രവചനങ്ങളുമുണ്ട്.

* ഹുദൂർ പറഞ്ഞു: എല്ലാ അഹ്മദികളും ഈ ഗ്രന്ഥം വായിച്ചിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്ﷺഈ ഗ്രന്ഥത്തെ സംബന്ധിച്ച് പറഞ്ഞു: ഏതൊരു അഹ് മദിയും ഈ ഗ്രന്ഥം വായിച്ചാൽ അയാൾക്ക് എല്ലാ ചോദ്യത്തിനും മറുപടി നല്കാൻ കഴിയുന്നതായിരിക്കും. ഈ ഗ്രന്ഥം ആവർത്തിച്ച് വായിക്കുക.

* ഹുദൂർ ഉപദേശിച്ചു: തർജമ കമ്മിറ്റിയോടു ഈ ഗ്രന്ഥം എത്രയും വേഗം തർജമ ചെയ്യാൻ പറയുക.

അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു: എസൻസ് ഓഫ് ഇസ്ലാമിന്റെ ആദ്യത്തെ രണ്ടു വാള്യമിന്റെ ഇന്തൊനേഷ്യൻ തർജമ ഈ വർഷം പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപ്പോൾ ഹുദൂർ മാർഗോപദേശം നല്കിക്കൊണ്ടു പറഞ്ഞു: ഇംഗ്ലീഷ് നല്ലവണ്ണം അറിയുന്ന യുവാക്കളെക്കൊണ്ട് തർജ ചെയ്യിക്കുക. അവരുടെകൂടെ മുബല്ലിഗിനേയും ചേർക്കുക. ഇവരെല്ലാവരും ചേർന്നുകൊണ്ട് തർജമ ചെയ്യട്ടെ. വൃദ്ധരും മുമ്പേയുള്ളവരുമായ ആളുകളുടെ പരിചയസമ്പത്തുകളിൽ നിന്നും തീർച്ചയായും ഫലമെടുക്കേണ്ടതാണ്. പക്ഷേ, അവരെ റിട്ടയേർഡാക്കുകയും അവരുടെ സ്ഥാനത്ത് പുതിയ ആളുകളെ നിയമിക്കുകയും ചെയ്യുക. അമേരിക്കയിലും കാനഡയിലും യുവാക്കളുണ്ട്. അവരുടെ ടീം ഉണ്ടാക്കിയിട്ടുണ്ട്. അവർ തർജമയുടെ ജോലി ചെയ്തു വരുന്നു. ഇപ്പോൾ വളരെ വേഗത്തിൽ പണിയെടുക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ജോലി ചെയ്യുന്നതിനു യുവാക്കളെ എടുക്കുക. അവരുടെ ടീമുണ്ടാക്കുക.

അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു: തദ്കിറയുടെ ഈ വർഷം പ്രസിദ്ധീരിച്ച പതിപ്പിന്റെ തർജമയും പൂർണമായി കഴിഞ്ഞിട്ടുണ്ട്.

* ഹുദൂർ പറഞ്ഞു:ലജ്നയിൽനിന്നും തിരഞ്ഞെടുത്ത്, അവരേയും തർജമയ്ക്ക് പ്രയോജനപ്പെടുത്തുക. ലജ്ന വളരെ നല്ല തർജമ ചെയ്യുന്നുണ്ട്.

* നാഷണൽ സെക്രട്ടറി തഅ്ലീമിനെ ഉപദേശിച്ചുകൊണ്ടു ഹുദൂർ പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഗ്രന്ഥങ്ങളുടെ പരീക്ഷയും നടത്തുക

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഇന്തൊനേഷ്യാസ്വദ്റിനോട് ഹുദൂർ അയ്യദഹുല്ലാഹ് ചോദിച്ചു: അപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു:ഞങ്ങൾ പരിക്ഷയ്ക്കായി ഇസ്ലാമി ഉസ്വൂൽ കി ഫലാസഫി വെച്ചിട്ടുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു:നിങ്ങൾക്ക് ഒറ്റത്തവണ മുഴുവൻ ഗ്രന്ഥങ്ങളും വെക്കാൻ കഴിയുകയില്ല. ഒരു വർഷത്തിൽ ഈ ഗ്രന്ഥത്തെ മൂന്നായി ഭാഗിച്ച് അതിന്റെ മൂന്നു പരീക്ഷകൾ നടത്തുക. ഇങ്ങനെ പൂർണമാ

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin